**പതിനാലാം കേരള നിയമസഭ**

**(FOURTEENTH KERALA LEGISLATIVE ASSEMBLY)**

## സബ്ജക്ട് കമ്മിറ്റി II
## (SUBJECT COMMITTEE II)

# ഭൂനികുതിയും ദേവസ്വവും
# (LAND REVENUE AND DEVASWOM)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT FROM 1ST APRIL 2015 TO 31ST MARCH 2016)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2016 ഒക്ടോബർ 17-ാം തീയതി സമർപ്പിച്ചത്
(Presented on 17th October, 2016)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2016

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി II
# (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും
## (LAND REVENUE AND DEVASWOM)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT FROM 1ST APRIL 2015 TO
31ST MARCH 2016)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of
Business in the Kerala Legislative Assembly]

901/2016.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 25 |

# സബ്ജക്ട് കമ്മിറ്റി II
# ഭൂനികുതിയും ദേവസ്വവും
# (2016-2018)

**ഘടന**

<u>ചെയർമാൻ:</u>

ശ്രീ. ഇ. ചന്ദ്രശേഖരൻ,

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം:</u>

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

ശ്രീ. അടൂർ പ്രകാശ്

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം. എം. മണി

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. കെ. രാജൻ

ശ്രീ. എം. ഉമ്മർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ വി., അണ്ടർ സെക്രട്ടറി.

# അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

റിപ്പോർട്ട് കാലയളവിൽ സമിതി 9 യോഗങ്ങൾ ചേരുകയുണ്ടായി.. ഇവയിൽ 3 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയും സൂക്ഷ്മപരിശോധനയുടെ കരട് റിപ്പോർട്ട് പരിഗണിക്കുന്നതിനും ഒരു യോഗം 2014-15 വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുന്നതിനും 3 യോഗങ്ങൾ കരട് ചട്ടങ്ങൾ, SRO-കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണിക്കുന്നതിനും, മറ്റ് രണ്ട് യോഗങ്ങൾ 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ, 2015-ലെ കേരള ധനകാര്യ ബിൽ (സംയുക്ത യോഗം), 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015-നെ സംബന്ധിച്ച കരട് റിപ്പോർട്ട് എന്നിവയുടെ പരിഗണനയ്ക്കുമായി ചേർന്നതായിരുന്നു. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 49 ശതമാനമായിരുന്നു.

ഉത്തരാഖണ്ഡ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അടിക്കടി ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളെക്കുറിച്ചും അതുമായി ബന്ധപ്പെട്ട് നടത്തുന്ന ദുരന്തനിവാരണ പ്രവർത്തനങ്ങളെക്കുറിച്ചും പഠിക്കുന്നതിന്റെ ഭാഗമായി 5-9-2015 മുതൽ 14-9-2015-വരെ സമിതി പ്രസ്തുത സംസ്ഥാനം സന്ദർശിക്കുകയുണ്ടായി.

ഈ റിപ്പോർട്ട് 4 ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിക്കുന്ന വിവരങ്ങളും ചട്ടം 235(i)(iii) പ്രകാരം സമിതി പഠനവിധേയമാക്കിയ വിഷയങ്ങളെ സംബന്ധിക്കുന്ന വിവരങ്ങളും സമിതിയുടെ മറ്റ് പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഭാഗത്തിൽ സമിതി പരിഗണിച്ച ബില്ലുകളും മൂന്നാം ഭാഗത്തിൽ ചട്ടങ്ങളുടെ പരിശോധന സംബന്ധിച്ച വിവരങ്ങളും നാലാം ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെയും സ്പെഷ്യൽ റിപ്പോർട്ടുകളിലെയും ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2016 ആഗസ്റ്റ് 10-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

ഇ. ചന്ദ്രശേഖരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2016 ആഗസ്റ്റ് 10.

# റിപ്പോർട്ട്

ഭാഗം I

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II 20-4-2015, 4-5-2015 തീയതികളിൽ യോഗം ചേർന്ന് ധനാഭ്യർത്ഥന നമ്പർ VI, XXVI, XI, XXVIII, XX എന്നിവയിന്മേൽ 2015-16 സാമ്പത്തിക വർഷത്തെ സൂക്ഷ്മ പരിശോധന നടത്തുകയും പ്രസ്തുത പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് 13-5-2015-ൽ അംഗീകരിക്കുകയും ചെയ്തു.

2015-16 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2015 ജൂൺ 8-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവ 8-6-2015-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ടുകൾ 2015 ജൂൺ 29-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

ഭൂരഹിതരായ ഒരു കുടുംബം പോലും സംസ്ഥാനത്ത് ഉണ്ടാകരുത് എന്ന ലക്ഷ്യത്തോടെ റവന്യൂ വകുപ്പ് നടപ്പാക്കി വരുന്ന 'ഭൂരഹിതരില്ലാത്ത കേരളം-2015' പദ്ധതി സംബന്ധിച്ച് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(i)(iii) പ്രകാരം ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II സമഗ്രപഠനം നടത്തുവാൻ തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സമിതി 27-8-2014, 27-1-2016 എന്നീ തീയതികളിൽ യോഗം ചേർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി പദ്ധതി നടത്തിപ്പിനായി നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദമായ ചർച്ച നടത്തുകയും പദ്ധതി

കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമായി നടത്തുന്നതിനാവശ്യമായ ശിപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ട് 24.2.2016-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## ഭാഗം II

## ബില്ലുകളുടെ പരിഗണന

(1) 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ 20-7-2015-ലെ യോഗം പരിഗണിക്കുകയും ഭേദഗതികളോടുകൂടി അംഗീകരിക്കുകയും ചെയ്തു. ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 23-7-2015-ന് സഭയിൽ സമർപ്പിച്ചു.

(2) 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പരിഗണിക്കുന്നതിനായി സബ്ജക്ട് കമ്മിറ്റി II, V, VIII എന്നിവയുടെ സംയുക്ത യോഗം 22-7-2015-ന് ചേർന്നു.

(3) 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ 16-02-2016-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. ബിൽ സംബന്ധിച്ച സമിതി റിപ്പോർട്ട് 18-02-2016-ന് സഭയിൽ സമർപ്പിച്ചു.

## ഭാഗം-III

## ചട്ടങ്ങളുടെ പരിഗണന

**a. കരട് ചട്ടങ്ങൾ**

(1) ദി കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ് അമെന്റ്മെന്റ്) റൂൾസ്, 2014 05-8-2015-ലെ സമിതിയോഗം പരിഗണിക്കുകയും ട്രിബ്യൂണൽ വിധി വന്ന ശേഷം ചട്ടത്തിൽ ഭേദഗതി വരുത്തി തുടർനടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(2) ദി കേരള ലാന്റ് റിഫോംസ് (അഗ്രികൾച്ചറിസ്റ്റ് റിഹാബിലിറ്റേഷൻ ഫണ്ട്) അമെന്റ്മെന്റ് റൂൾസ്, 2014, 5-8-2015-ലെ സമിതിയോഗം പരിഗണിക്കുകയും ഭേദഗതിയോടുകൂടി അംഗീകരിക്കുകയും ചെയ്തു.

(3) ദി കേരള ലാന്റ് റിഫോംസ് (കുടികിടപ്പുകാർ ബെനഫിറ്റ് ഫണ്ട്) അമെന്റ്മെന്റ് റൂൾസ്, 2014, 5-8-2015-ലെ സമിതിയോഗം പരിഗണിക്കുകയും ഭേദഗതികളോടു കൂടി അംഗീകരിക്കുകയും ചെയ്തു.

(4) ദി കേരള ലാന്റ് അസൈൻമെന്റ് (അമെന്റ്മെന്റ്) റൂൾസ്, 2014, 5-8-2015-ലെ യോഗം പരിഗണിക്കുകയും ഭേദഗതിയോടുകൂടി അംഗീകരിക്കുകയും ചെയ്തു.

(5) ദി കേരള ലാന്റ് അസൈൻമെന്റ് (അമെന്റ്മെന്റ്) റൂൾസ്, 2015, 5-8-2015-ലെ യോഗം പരിഗണിക്കുകയും ഭേദഗതികളോടുകൂടി അംഗീകരിക്കുകയും ചെയ്തു.

(6) ദി കേരള ലാന്റ് റവന്യൂ സബോഡിനേറ്റ് സർവ്വീസ് (കാറ്റഗറീസ് ഓഫ് ടൈപ്പിസ്റ്റ് ആൻഡ് ഫെയർകോപ്പി സൂപ്രണ്ട്) അമെന്റ്മെന്റ് സ്പെഷ്യൽ റൂൾസ്, 2015, 27-1-2016-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**b. എസ്.ആർ.ഒ കൾ**

സമിതി താഴെപ്പറയുന്ന എസ്.ആർ.ഒ.കൾ പരിഗണിക്കുകയും സാധുകരണം നൽകുകയും ചെയ്തു.

**(5-8-2015-ലെ യോഗം അംഗീകരിച്ചവ)**

(1) ദി കേരള ലാന്റ് അസൈൻമെന്റ് (അമെന്റ്മെന്റ്) റൂൾസ്, 2014 (എസ്.ആർ.ഒ നം. 655/2014)
(ഫ.നം. 7075/സബ്സിബി/1/14/നി.സെ)

(2) ദി കേരള സർവ്വീസ് ഇനാം ലാന്റ്സ് (Vesting and Enfranchisement) (അമെന്റ്മെന്റ്)റൂൾസ്, 2014 (എസ്.ആർ.ഒ നം. 751/2014)

(3) കേരള ഭൂപരിഷ്കരണ (കുടിയാന്മ) ഭേദഗതി ചട്ടങ്ങൾ, 2015 (എസ്.ആർ.ഒ നം. 197/2015)

**(27-1-2016-ലെ യോഗം അംഗീകരിച്ചത്)**

(4) 2005-ലെ കേരള ഭൂപരിഷ്കരണ (രണ്ടാം ഭേദഗതി) നിയമം (ആക്ട് 6 ഓഫ് 2012)-ലെ ഭേദഗതി (എസ്.ആർ.ഒ. നം. 627/2015)

(5) കേരള ലാന്റ് അസൈൻമെന്റ് റഗുലേഷൻ ഒക്കുപേഷൻ ഓഫ് ഫോറസ്റ്റ് ലാന്റ്സ് പ്രയർ ടു 1-1-1977 (ഭേദഗതി) സ്പെഷ്യൽ റൂൾസ്, 2015 (എസ്.ആർ.ഒ നം. 548/2015)

# ഭാഗം IV

# വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെയും സമിതിയുടെ സ്പെഷ്യൽ റിപ്പോർട്ടുകളിലെയും ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി

## 1997-98-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

ശിപാർശ

ഒരേ ഭൂമിക്ക് രേഖ അനുസരിച്ച് പല അവകാശികൾ ഉള്ളതായി സമിതി മനസ്സിലാക്കുന്നു. ഇപ്പോൾ ആരുടെ കൈവശമാണോ പ്രസ്തുത ഭൂമി ഇരിക്കുന്നത് അവർക്ക് അവകാശരേഖ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

കൈവശാവകാശ സർട്ടിഫിക്കറ്റ് ഭൂമിയുടെ കൈവശക്കാർക്ക് നൽകി വരുന്നത് വില്ലേജ് ഓഫീസർമാരാണ്. ആയതിനാൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ പ്രകാരം നടപടി സ്വീകരിക്കാൻ എല്ലാ വില്ലേജ് ഓഫീസർമാർക്കും നിർദ്ദേശം നൽകാൻ ലാൻഡ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിരുന്നു.

പ്രസ്തുത ശിപാർശ ഇനം.3-ന് ലാൻഡ് റവന്യൂ കമ്മീഷണർ ചുവടെ ചേർക്കുംവിധം റിപ്പോർട്ട് സമർപ്പിച്ചു

ജന്മാവകാശത്തിലുള്ള ഒരു ഭൂമി കൈമാറ്റം ചെയ്യപ്പെടുമ്പോൾ 1966-ലെ ജമമാറ്റനിയമപ്രകാരം കക്ഷികൾ സബ്‌രജിസ്ട്രാർ ഓഫീസിൽ നിന്നുള്ള ഫാറം 1, തഹസിൽദാരുടെയോ വില്ലേജ് ഓഫീസർമാരുടെയോ മുന്നിൽ ഹാജരാക്കേണ്ടതിലൂടെയോ

പ്രസ്തുത നിയമത്തിലെ 15-ാം ചട്ടപ്രകാരം വില്ലേജ് ഓഫീസർ സ്വമേധയാ ജമമാറ്റം നടപ്പിൽ വരുത്തേണ്ടതാണ്. എന്നാൽ ഇവ കൃത്യമായി നടപ്പിൽ വരുത്താത്ത കാരണം ഒരേ ഭൂമിക്ക് ആധാര പ്രകാരം ഒരവകാശിയും റവന്യൂ റിക്കാർഡ് പ്രകാരം മറ്റൊരവകാശിയും ഉള്ളതായി കണ്ടു വരുന്നുണ്ട്. കേന്ദ്ര സഹായത്തോടെ റവന്യൂ വകുപ്പിൽ ഇപ്പോൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഭൂരേഖാ കമ്പ്യൂട്ടർവൽക്കരണ പരിപാടി പൂർത്തീകരിക്കുന്നതോടുകൂടി സബ് രജിസ്ട്രാർ ഓഫീസിൽ നടക്കുന്ന ജമതിരിയുമായി ബന്ധപ്പെട്ട മുഴുവൻ വ്യവഹാരങ്ങളും തത്സമയം തന്നെ റവന്യൂ രേഖകളിലും പ്രതിഫലിക്കുന്നതാണ്. ഇത് സാധ്യമാക്കുന്നതിനുള്ള നടപടികൾ കാര്യക്ഷമമായി പുരോഗമിച്ചുവരുന്നു.

## 2005-06-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

<u>ശിപാർശ</u>

മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതു സംബന്ധിച്ച നിയമം പ്രാബല്യത്തിൽ വരുമ്പോൾ തൊഴിൽ നഷ്ടപ്പെടുന്ന ജീവനക്കാർക്ക് പിന്നീട് ഉണ്ടാകുന്ന ഒഴിവുകളിൽ യോഗ്യത യ്ക്കനുസരിച്ചുള്ള ജോലി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചപ്പോൾ നിർത്തലാക്കിയ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിലെ ജീവനക്കാരെ മലബാർ ദേവസ്വം ബോർഡിൽ വാനിഷിംഗ് കാറ്റഗറിയായി പ്രത്യേക വിഭാഗമാക്കി നിലനിർത്തിയിട്ടുണ്ട്.

## 2006-2007-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് അധികവിവരം

<u>ശിപാർശ</u>

അപ്രന്റീസ് ആക്ട് അനുസരിച്ച് സർവ്വേയും ഭൂരേഖയും വകുപ്പിലേയ്ക്ക് നിയമിക്കേണ്ട സർവ്വെയർ, ഡ്രാഫ്റ്റ്സ്മാൻ എന്നിവർക്ക് നൽകുന്ന സ്റ്റൈപ്പെന്റ് തുക 4,500 രൂപയായി വർദ്ധിപ്പിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ഈ വിഷയം പരിശോധിക്കുകയും സബ്ജക്ട് കമ്മിറ്റി II (ഭൂനികുതിയും ദേവസ്വവും) ന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2-12-2014 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 5988/2014/റവന്യൂ മുഖേന സ്റ്റൈപ്പെന്റ് തുക 3,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 25143/ഇ 1/12/റവന്യൂ തീയതി 15-12-2014)

## 2008-2009-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് അധിക വിവരം

<u>ശിപാർശ</u>

കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായി നടപ്പിലാക്കി വരുന്ന താലൂക്ക് ഓഫീസുവരെയുള്ള കമ്പ്യൂട്ടർവൽക്കരണം വില്ലേജ് ഓഫീസുകളിലേക്ക കൂടി വ്യാപിപ്പിക്കണമെന്നും താലൂക്ക് ഓഫീസുകളും, വില്ലേജ് ഓഫീസുകളും തമ്മിൽ ഒരു സോഫ്റ്റ്‌വെയർ ശൃംഖലവഴി ബന്ധിപ്പിക്കണമെന്നും ഇതിനായി കേന്ദ്ര ഗവൺമെന്റിന് പദ്ധതി സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഇതിലേക്കായി ഒരു ജില്ലയ്ക്ക് രണ്ട് കോടി രൂപ എന്ന ക്രമത്തിൽ പതിനാലു ജില്ലകളിലേക്കുമായി 28 കോടി രൂപ പ്രത്യേക ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

കേരള നിയമസഭ സബ്ജക്ട് കമ്മിറ്റി II-ന്റെ 2008-09-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 14-ാം നമ്പർ ശിപാർശയിന്മേലുള്ള റിപ്പോർട്ട് പരിഗണിച്ച സമിതി റവന്യൂ ഡിപ്പാർട്ട്മെന്റ് ഓഫീസുകൾ നവീകരിക്കുന്നതിനായി സർവ്വേ, രജിസ്ട്രേഷൻ, റവന്യൂ വകുപ്പുകൾ എന്നിവയെ ബന്ധിപ്പിക്കുന്ന Revenue Land Information System Programme നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

ഭൂരേഖ വിതരണം ചെയ്യുക എന്ന അടിസ്ഥാനലക്ഷ്യവുമായിട്ടാണ് എൻ.എൽ.ആർ.എം.പി വേർഷൻ 2.0 ആയി ഈ പദ്ധതി ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്. രജിസ്ട്രേഷൻ വകുപ്പ് വഴി നടത്തപ്പെടുന്ന ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട് ഓൺലൈൻ പോക്കുവരവ് സാധ്യമാക്കി അതുവഴി കോമൺലാന്റ് ഡാറ്റാ ബേസിന്റെ തൽസമയ നാളതീകരണം ഉറപ്പുവരുത്തുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങളിൽ ഒന്ന്. 15-9-2011-ൽ ഈ പദ്ധതി പാലക്കാട് ജില്ലയിൽ ആരംഭിക്കുകയുണ്ടായി. പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ആഫീസുകളുടെ പരിധിയിൽ വരുന്ന റീസർവ്വേ പൂർത്തിയാക്കിയ 17 വില്ലേജാഫീസുകളിൽ 15-9-2011 മുതൽ ഓൺലൈൻ പോക്കുവരവ് സംവിധാനം വിജയകരമായി നടന്നുവരുന്നു. 2014-2015 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിൽ റെലിസ് പദ്ധതിയ്ക്കായി 4.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. റീസർവ്വേ പൂർത്തിയാക്കിയ 750 വില്ലേജുകളിലേക്കു കൂടി ഓൺലൈൻ പോക്കുവരവ് വ്യാപിപ്പിക്കുന്നതിലേയ്ക്കായി സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ആയത് സംബന്ധിച്ച നടപടികൾ നടന്നുവരുന്നു.

## 2009-2010-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

### ശിപാർശ

തിരുവിതാംകൂർ ദേവസ്വം ബോർഡ് ഭൂസംരക്ഷണ യൂണിറ്റിലേക്ക് ഒരു വർഷത്തേക്ക് നിയമിതരായ 6 ജീവനക്കാരുടെ ശമ്പള ഇനത്തിൽ വകയിരുത്തിയിരുന്ന തുക തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ തൃശ്ശൂർ വരെ അധികാര പരിധിയുള്ള യൂണിറ്റിന്റെ യാത്രാ ചെലവിലേക്ക് വകയിരുത്തിയിരിക്കുന്ന തുകയും തുലോം കുറവാണ്. ആകയാൽ 2053-00-094-60-01 ശമ്പള ഇനത്തിൽ 8.78 ലക്ഷം രൂപയും 04(1) യാത്രാബത്ത ഇനത്തിൽ 80,000 രൂപയും 04(2) ട്രാൻസ്ഫർ റ്റി.എ ഇനത്തിൽ 10000 രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

### സ്വീകരിച്ച നടപടി

16-ാം നമ്പർ ശിപാർശ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഭൂസംരക്ഷണ യൂണിറ്റിലേക്ക് ഒരു വർഷത്തേക്ക് നിയമിതരായ 6 ജീവനക്കാരുടെ ശമ്പളയിനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2053-00-094-60-01-ശമ്പളം ഇനത്തിൽ 8.78 ലക്ഷവും 04(1)-യാത്രാബത്ത ഇനത്തിൽ 80,000 രൂപയും,

04(2)-ട്രാൻസ്ഫർ റ്റിഎ ഇനത്തിൽ 10,000 രൂപയും അധികമായി വകയിരുത്തണമെന്നുള്ളതാണ്. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് റവന്യൂ (പി) വകപ്പിൽ നിന്നാണ്.

ശിപാർശ

ശബരിമല തീർത്ഥാടന കാലത്ത് വർദ്ധിച്ച വരുന്ന ഭക്തജന തിരക്ക് കണക്കിലെടുത്ത് 10000 പേർക്ക് വിശ്രമിക്കുന്നതിനും മറ്റുമായി ശബരിമലയ്ക്ക് സമീപം ഒരു കൺവൻഷൻ സെന്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകപ്പ മന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ചതു പ്രകാരം പ്രസ്തുത കൺവെൻഷൻ സെന്റർ ഈ വർഷം തന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ പ്രത്യേക ശീർഷകത്തിൽ വകയിരുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44, 45)

സ്വീകരിച്ച നടപടി

ശബരിമല തീർത്ഥാടന കാലത്ത് വർദ്ധിച്ചുവരുന്ന ഭക്തജന തിരക്ക് കണക്കിലെടുത്ത് 10000 പേർക്ക് വിശ്രമിക്കുന്നതിനും മറ്റുമായി നിലയ്ക്കലിൽ കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്ന നടപടിയുടെ ഭാഗമായി ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുള്ള ഹൈപ്പവർ കമ്മിറ്റി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിരുന്നു. അതിൻപ്രകാരം പന്ത്രണ്ട് എണ്ണം ലഭിക്കുകയുണ്ടായി. ആയത് ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും നാലെണ്ണം അംഗീകരിക്കാവുന്നതാണെന്ന് വിലയിരുത്തുകയും ചെയ്തിരുന്നു. 25/9/2009-ൽ ചേർന്ന ഹൈപ്പവർ കമ്മിറ്റി യോഗം മേൽവിവരിച്ച നാലു സ്ഥാപനങ്ങൾക്ക് റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ നൽകുന്ന കാര്യം പരിഗണിച്ചുവെങ്കിലും ആയത് നൽകുന്നത് വിശദമായ പഠനത്തിനും നിലയ്ക്കലുള്ള ലേ-ഔട്ട് പ്ലാനുകളുടെ പൂർത്തീകരണത്തിനു ശേഷവും മാത്രം മതിയെന്ന് തീരുമാനിച്ചിരുന്നു. ഈ വിഷയം 30/5/2015-ൽ ചേർന്ന ഹൈപ്പവർ കമ്മിറ്റി വീണ്ടും വിശദമായി ചർച്ച ചെയ്യുകയുണ്ടായി. കൺവെൻഷൻ സെന്റർ എന്ന ആശയം ശബരിമല വികസനത്തിനായി

തയ്യാറാക്കിയ മാസ്റ്റർ പ്ലാനുമായി ഒത്തുപോകുന്നതല്ല എന്നതിനാൽ പ്രസ്തുത പ്രൊപ്പോസൽ പരിഗണനാർഹമല്ല എന്ന് ഹൈപ്പവർ കമ്മിറ്റി വിലയിരുത്തുകയും കൺവെൻഷൻ സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

## 2011-2012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് അധിക വിവരം

ശിപാർശ

ദുരന്ത നിവാരണത്തിന്റെ ഭാഗമായി കേരളത്തിൽ വയർലസ് സെറ്റുകൾ വിതരണം ചെയ്തതിന്റെ എണ്ണം, വാങ്ങിയതിന്റെ നടപടി ക്രമം, വയർലസ് സെറ്റുകൾ പ്രാവർത്തികമാക്കാതിരുന്നതിന്റെ കാരണം എന്നിവ സംബന്ധിച്ച വിശദീകരണം.

(ഖണ്ഡിക 45a)

സ്വീകരിച്ച നടപടി

ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഭാഗമായി UNDP (United Nations Development Programme) TEAP (Tsunami Emergency Assistance Project) എന്നീ പദ്ധതികളിലൂടെ എല്ലാ ജില്ലകളിലേക്കും 379 വയർലെസ്സ് സെറ്റുകൾ വാങ്ങിയിട്ടുണ്ട്. ഇതിൽ G.O. (Rt) No. 1436/2009/DMD dated 12/05/2009 എന്ന സർക്കാർ ഉത്തരവനുസരിച്ചാണ് UNDP പദ്ധതിയിലൂടെ ഇവ ഘടിപ്പിക്കുന്നതിന് വേണ്ടി M/s Linkwell Electronics (P) Ltd. Bangalore ന് ഭരണാനുമതി നൽകിയത്. ഈ ഉത്തരവ് അനുസരിച്ച് 169 വയർലെസ്സ് സെറ്റുകൾ വാങ്ങിയിട്ടുണ്ട്.

ബാക്കി 210 വയർലെസ്സ് സെറ്റുകൾ TEAP വഴിയാണ് വാങ്ങിയത്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുഖാന്തിരം Very High Frequency (VHF) Radio based Early Warning System സ്ഥാപിക്കുന്നതിനായി 15.10.2009 -ൽ ടെൻഡർ ക്ഷണിച്ചു. VHF Radio-യും VHF Repeater ഘടിപ്പിച്ച അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിന് M/s Link Well എന്ന

സ്ഥാപനവും ഓട്ടോമോട്ടീവ് ബാറ്ററീസും SMPS ബാറ്ററി ചാർജറുകളും സ്ഥാപിക്കുന്നതിന് M/s Iga Tech എന്ന സ്ഥാപനവുമാണ് തൃപ്തികരമായ ടെണ്ടറുകൾ സമർപ്പിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ ചേർത്തിട്ടുള്ള പട്ടിക പ്രകാരം Early Warning System-ഉം അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിന് 24.10.2010-ൽ സർക്കാർ അനുമതി നൽകി ഉത്തരവായി.

| ജില്ല/ഉത്തരവ് നമ്പർ | വില്ലേജുകളുടെ എണ്ണം | അനുവദിച്ച തുക | |
|---|---|---|---|
| | | VHF Radio | Automotive batteries and SMPS battery chargers |
| തൃശ്ശൂർ [G.O. (Rt) 3893/09/DMD dated 24-10-2010] | 23 | 14,60,830,28 | 2,79,760.50 |
| തിരുവനന്തപുരം [G.O.(Rt) 3898/09/DMD dated 24-10-2010] | 25 | 15,87,859 | 3,04,087,50 |
| കൊല്ലം [G.O.(Rt) 3899/09/DMD dated 24-10-2010] | 42 | 26,67,603,12 | 5,10,867 |
| ആലപ്പുഴ [G.O.(Rt) 3900/09/DMD dated 24-10-2010] | 25 | 15,87,859 | 3,04,087 |

| | | | |
|---|---|---|---|
| എറണാകുളം [G.O.(Rt) 3901/09/DMD dated 24-10-2010] | 21 | 13,33,801,56 | 2,55,433,50 |
| മലപ്പുറം [G.O.(Rt) 3904/09/DMD dated 24-10-2010] | 13 | 11,89,144,20 | 1,58,125,50 |
| കോഴിക്കോട് [G.O.(Rt) 3905/09/DMD dated 24-10-2010] | 20 | 12,70,287,20 | 2,43,270 |
| കണ്ണൂർ [G.O.(Rt) 3906/09/DMD dated 24-10-2010] | 21 | 13,33,801,56 | 2,55,433,50 |
| കാസർഗോഡ് [G.O.(Rt) 3907/09/DMD dated 24-10-2010] | 20 | 12,70,287 | 2,43,270 |
| **Total** | **210** | **1,37,01,472,92** | **25,54,335,00** |

വയർലെസ്സ് സെറ്റുകൾ പരിപാലിക്കുന്നതിനും കേടായവ നന്നാക്കുന്നതിനും ആവശ്യമായ സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാരുടെ അഭാവം മൂലമാണ് കേടായ സെറ്റുകൾ നന്നാക്കുന്നതിന് സാധിക്കാതിരുന്നത്. കേടായ VHF നെറ്റ്‌വർക്ക് ഉപകരണങ്ങൾ നന്നാക്കുന്നതിന് പോലീസ് ടെലികമ്മ്യൂണിക്കേഷൻ വകുപ്പിനെ ചുമതലപ്പെടുത്തുന്നതിനും അതിനു വേണ്ടിവരുന്ന ചെലവ് Kerala State

Disaster Management Authority-യുടെ വാർഷിക പദ്ധതിയിൽ നിന്നും കണ്ടെത്തുന്നതിനും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 26-12-2013-ൽ കൂടിയ State Executive Committee തീരുമാനിച്ചിട്ടുണ്ട്. 14-5-2014-ൽ കൂടിയ പ്രീമൺസൂൺ അവലോകന യോഗത്തിൽ ജില്ലകളിലെ വയർലെസ് സെറ്റുകൾ നന്നാക്കുന്നതിന് അതത് ജില്ലാ പോലീസ് വയർലെസ് കമ്മ്യൂണിക്കേഷൻസ് വിംഗുമായി സഹകരിച്ച് നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു.

(സർക്കാർ കത്ത് നമ്പർ 41405/കെ2/2013/ഡി.എം.ഡി, തീയതി 6-7-2015)

<u>ശിപാർശ</u>

ദുരന്ത നിവാരണ വകുപ്പിന് സുഗമമായ രക്ഷാപ്രവർത്തനം നടത്തുന്നതിനായി ഗ്രൗണ്ട് പെനിട്രേറ്റിംഗ് റഡാർ ഉൾപ്പെടെയുള്ള നവീനമായ എല്ലാ ഉപകരണങ്ങളും വാങ്ങണമെന്ന ശിപാർശ.

(ഖണ്ഡിക 45 b)

<u>സ്വീകരിച്ച നടപടി</u>

ദുരന്തനിവാരണ വകുപ്പിന്റെ വയർലെസ് വിനിമയ സംവിധാനം ദുരന്ത നിവാരണ വിഭാഗം അസിസ്റ്റന്റ് കമ്മീഷണറുടെ നിയന്ത്രണത്തിലാണുള്ളത്. ഗ്രൗണ്ട് പെനിട്രേറ്റിംഗ് റഡാർ, തെർമൽ ക്യാമറകൾ എന്നിവയുടെ വിലയും സാങ്കേതികതയും ഈ മേഖലയിലുള്ള വിദഗ്ധരുമായി കൂടിയാലോചിച്ച് കണ്ടെത്തുന്നതിനുള്ള ശ്രമം ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിലുള്ള സംസ്ഥാന അടിയന്തരഘട്ട കാര്യ നിർവ്വഹണ കേന്ദ്രം (SEOC- State Emergency Operations Centre) നടത്തിക്കൊണ്ടിരിക്കുകയാണ്.

പാറകൾക്കിടയിലും അവശിഷ്ടങ്ങളിക്കിടയിലും മതിയായ ആഴത്തിൽ തുളച്ചു കയറുന്നതിന് കഴിവുള്ള വിശ്വാസയോഗ്യവും കഴിവ് തെളിയിച്ചതുമായ ഉപകരണങ്ങൾ ഇനിയും കണ്ടെത്തേണ്ടതുണ്ട്. ഇത്തരം ഉപകരണങ്ങളുടെ നിർമ്മാതാക്കളോ പ്രാദേശിക ഡീലർമാരോ ഇല്ല എന്നുള്ളതാണ് ഈ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധി. രാജ്യത്തെ ഏതെങ്കിലും ഒരു നഗരത്തിലെങ്കിലും

സർവ്വീസ് ലഭ്യമാക്കുന്ന ഉചിതമായ ഉപകരണം കണ്ടെത്തുക എന്നുള്ളത് ഒരു വെല്ലുവിളിയാണ്. ഈ ഉപകരണത്തിന് ശരാശരി ഒരു കോടി രൂപയെങ്കിലും വേണ്ടിവരുമെന്നതിനാൽ പ്രസ്തുത ഉപകരണം വാങ്ങുന്നതിന് മുമ്പ് ഏറ്റവും ഉചിതമായ കോൺഫിഗറേഷൻ ഉള്ള ഉപകരണം കണ്ടെത്തുന്നതിനുള്ള ശ്രമത്തിലായിരുന്നു സംസ്ഥാന അടിയന്തരഘട്ട കാര്യ നിർവ്വഹണ കേന്ദ്രം എന്നാൽ ഈ മേഖലയിൽ നിലവിലുള്ള വിവിധ ഏജൻസികളുമായി നടത്തിയ ചർച്ചകൾക്ക് ശേഷം ഇന്നത്തെ അവസ്ഥയിൽ ഭാരിച്ച വില നൽകി ഇത്തരമൊരു ഉപകരണം വാങ്ങുന്നത് പ്രയോജനകരമായിരിക്കില്ല എന്ന് അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രം അറിയിച്ചിട്ടുണ്ട്.

## 2012-2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

### ശിപാർശ

14-2-2010-ലെ ജി.ഒ. (എം.എസ്) നമ്പർ 508/10/ആർ.ഡി. പ്രകാരം എല്ലാ വില്ലേജ് ആഫീസർമാർക്കും മൊബൈൽ ഫോൺ കണക്ഷനുകൾ അനുവദിച്ചിട്ടുണ്ട്. ഈ ശീർഷകത്തിൽ 39,67,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

### സ്വീകരിച്ച നടപടി

2012-2013 സാമ്പത്തിക വർഷത്തിൽ 2029-00-101-99-05(3) ടെലഫോൺ ചാർജ്ജ് എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമുണ്ടായിരുന്ന 43.75 ലക്ഷം രൂപ കൂടാതെ 17.12 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തിയിരുന്നു. വില്ലേജ് ഓഫീസർമാർക്ക് ലഭ്യമാക്കിയിട്ടുള്ള മൊബൈൽ ഫോൺ കണക്ഷനുകൾ ഉൾപ്പെടെയുള്ള ചെലവുകൾക്കായി തുക പര്യാപ്തമായിരുന്നു.

(സർക്കാർ കത്ത് നമ്പർ 27041/ജി1/2014/റവ തീയതി 11-11-2014)

(ഡിലേ സ്റ്റേറ്റ്മെന്റ് 1.7.2015-ൽ സഭയിൽ സമർപ്പിച്ചു)

(റഫ. നമ്പർ 5823/ജി1/2015/റവന്യൂ തീയതി 16-5-2015)

ശിപാർശ

റിപ്പബ്ളിക്ദിനം, സ്വാതന്ത്ര്യദിനം എന്നീ ആഘോഷങ്ങൾക്ക് വിദ്യാർത്ഥികളെ കൊണ്ടു വരുന്നതിനും തിരികെ കൊണ്ടു പോകുന്നതിനും അവർക്ക് ലഘുഭക്ഷണം നൽകുന്നതിനുമായി ഏകദേശം 30 ലക്ഷം രൂപ ചെലവാകുന്നുണ്ട് എന്ന് സമിതി മനസ്സിലാക്കുന്നു. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകൾക്കായി 18,00,000 രൂപ ചെലവാകുന്നുണ്ട്. ഗോൾഫ് ക്ലബ്ബിനുള്ള ശമ്പളവും ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. ജില്ലകളിൽ അപ്രതീക്ഷിതവും അടിയന്തരവുമായി വരുന്ന പൊതു ചെലവുകൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വകുപ്പ് മന്ത്രിമാർ എന്നിവരുടെ പൊതുജനസമ്പർക്ക പരിപാടി തുടങ്ങിയവയ്ക്ക് ഈ ശീർഷകത്തിൽ നിന്നാണ് ചെലവ് വഹിക്കേണ്ടത്. ആയതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ കൂടി വകയിരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

പ്രസ്തുത ആവശ്യങ്ങൾക്കായുള്ള 2053-00-093-34 OC (NP-V) ശീർഷകത്തിൽ 2012-2013 സാമ്പത്തിക വർഷം 24.19 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. എന്നാൽ കൂട്ടതലായി 97.99 ലക്ഷം രൂപ കൂടി അനുവദിക്കപ്പെട്ട് ആകെ 122.18 ലക്ഷം രൂപ 2053-00-093-99-34 OC (NP-V) എന്ന ശീർഷകത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 27041/ജി1/2014/റവ. തീയതി 11-11-2014)

(ഡിലേ സ്റ്റേറ്റ്മെന്റ് 1-7-2015-ൽ സഭയിൽ സമർപ്പിച്ചു)

(റഫ. നമ്പർ 5823/ജി1/2015/റവന്യൂ തീയതി 16-5-2015)

## 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

ശിപാർശ

വളരെ കാലപ്പഴക്കം ചെന്ന വാഹനങ്ങളാണ് സർവ്വേ വകുപ്പിൽ ഇപ്പോഴുള്ളത്. വകുപ്പ് നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന 30 വാഹനങ്ങളിൽ 13 എണ്ണവും

15 വർഷത്തിലേറെ പഴക്കമുള്ളവയാണ്. റീസർവ്വേ നടപടികൾ ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ ആധുനിക ഉപകരണങ്ങൾ ഫീൽഡിൽ എത്തിക്കുന്നതിനായി ടോട്ടൽ സ്റ്റേഷൻ സർവ്വേ നടക്കുന്ന മലമ്പ്രദേശങ്ങളിൽ നിരപ്പ് കുറഞ്ഞ പാതകളിലും ദീർഘദൂരം സഞ്ചരിക്കേണ്ടി വരുന്നതിനാൽ പഴയ വാഹനങ്ങൾക്ക് തുടരെ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതായി വരികയും ചെലവ് അധികരിക്കുകയും ചെയ്യുന്നു. പുതിയ വാഹനം വാങ്ങുന്നതിനായി പല തവണ തുക ആവശ്യപ്പെട്ടിരുന്നുവെങ്കിലും കഴിഞ്ഞ 5 വർഷങ്ങളായി തുക നൽകിയിട്ടില്ല. റീസർവ്വെ നടപടികൾ അതിവേഗം പൂർത്തിയാക്കുന്നതിന് സഹായകമായി പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനായും പഴയ വാഹനങ്ങൾ മാറ്റി വാങ്ങുന്നതിനുമായി മേൽസൂചിപ്പിച്ച രണ്ട് ശീർഷകങ്ങളിലും കൂടി 1,80,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

ഫണ്ടിന്റെ ലഭ്യത കുറവു കാരണം വാഹനം വാങ്ങുന്നതിന് സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല. എന്നാൽ 23/06/2015-ലെ സ.ഉ.(സാധാ) നമ്പർ 3295/2015/റവന്യൂ പ്രകാരം സർവെയും ഭൂരേഖയും വകുപ്പിലേയ്ക്ക് രണ്ട് ബൊലേറോ SLE വാഹനം വാങ്ങുന്നതിലേയ്ക്കായി 12,28,280 രൂപ സർവെ ഡയറക്ടർക്ക് അനുവദിച്ചിട്ടുണ്ട്. ഫണ്ടിനായി ആദ്യ ബാച്ച് SDG move ചെയ്യാനും ആവശ്യപ്പെട്ടിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 49565/ഇ 1/2014/റവന്യൂ, തീയതി 9-7-2015)
(ഡിലേ സ്റ്റേറ്റ്മെന്റ് 1-12-2015-ന് സഭയിൽ സമർപ്പിച്ചു
(റഫ. നമ്പർ 61387/ഇ 1/2015/റവന്യൂ തീയതി 20-10-2015)

<u>ശിപാർശ</u>

സർവ്വെ ഭവന്റെ മൂന്നാമത്തെ നിലയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് 25 ലക്ഷം രൂപയും നാലാമത്തെ നിലയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2.5 കോടി രൂപയും ആവശ്യമായി വരുമെന്നതിനാൽ ഈ ആവശ്യത്തിലേയ്ക്കായി

പുതിയ ഒരു ശീർഷകം സൃഷ്ടിച്ച് അതിൽ 2.75 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

3,4 നിലകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ PWD-യിൽ ശേഷിക്കുന്നതായ 2,25,72,729 രൂപ ചെലവഴിച്ച് നിർവ്വഹിക്കുന്നതിന് 10/03/2014-ലെ സ.ഉ. (സാധാ) നമ്പർ 1530/14/റവന്യൂ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതിനുള്ള നടപടികൾ നടന്നു വരുന്നതായി സർവ്വെ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 49565/ഇ 1/2014/റവന്യൂ തീയതി 9-7-15)

(ഡിലേ സ്റ്റേറ്റ്മെന്റ് 1-12-2015-ന് സഭയിൽ സമർപ്പിച്ചു.

(റഫ. നമ്പർ 61387/ഇ 1/2015/റവന്യൂ തീയതി 20-10-2015)

<u>ശിപാർശ</u>

മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ബി,സി,ഡി ഗ്രേഡ് ക്ഷേത്രങ്ങൾ സാമ്പത്തികമായി സ്വയംപര്യാപ്തമല്ലാത്തതിനാൽ നിലവിൽ ശമ്പള കുടിശ്ശികയ്ക്കായി മലബാർ ദേവസ്വം ബോർഡ് മാനേജ്മെന്റ് ഫണ്ടിൽ നിന്നുമാണ് തുക നൽകി വരുന്നത്. സർക്കാർ ജീവനക്കാർക്ക് അതാത് കാലത്ത് ക്ഷാമബത്ത അനുവദിക്കുമ്പോൾ ക്ഷേത്ര ജീവനക്കാർക്കും ആയത് അനുവദിക്കേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുകയ്ക്ക് പുറമെ 14 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

മലബാർ ദേവസ്വം ബോർഡിനു കീഴിൽ 1300- ൽ കൂടുതൽ ക്ഷേത്രങ്ങൾ ഇപ്പോൾ നിലവിലുണ്ട്. പ്രസ്തുത ക്ഷേത്രങ്ങളുടെ യഥാർത്ഥ ഭരണ നിയന്ത്രണം അതാത് ക്ഷേത്രങ്ങളുടെ ട്രസ്റ്റി ബോർഡിൽ നിക്ഷിപ്തമാണ്. ഓരോ ക്ഷേത്രത്തിനും പ്രത്യേകമായി തയ്യാറാക്കിയതും മലബാർ ദേവസ്വം ബോർഡ് അല്ലെങ്കിൽ

ബന്ധപ്പെട്ട കോടതി അംഗീകരിച്ച ഭരണക്രമം (Scheme of Administration) അനുസരിച്ചാണ് ദൈനംദിന ഭരണം നടത്തുന്നത്. ഇക്കാര്യത്തിൽ മലബാർ ദേവസ്വം ബോർഡിന് മേൽനോട്ടാധികാരം (Supervisory Control) മാത്രമേയുള്ളൂ. ഓരോ അമ്പലത്തിലും ജീവനക്കാരെ നിയമിക്കുന്നതും അനുബന്ധ നടപടികളും ബന്ധപ്പെട്ട ബോർഡ്/ട്രസ്റ്റിമാരാണ്. 5 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പള കുടിശ്ശിക നൽകുന്നതിനായി ചെറിയൊരു തുക സർക്കാർ നൽകുന്നുണ്ട്. എന്നാൽ ഇത് ബന്ധപ്പെട്ട ക്ഷേത്രങ്ങളുടെ അവകാശമായി കണക്കാക്കാൻ സാധ്യമല്ല. ജീവനക്കാർക്ക് ശമ്പളം കൊടുക്കുക എന്നുള്ളത് നിയമനാധികാരിയുടെ പ്രാഥമിക ചുമതലയും ഉത്തരവാദിത്തവുമാണ്. ക്ഷേത്രങ്ങളുടെ മേൽ കേവലമായി Supervisory Control മാത്രമുള്ള മലബാർ ദേവസ്വം ബോർഡിന് പരിമിതമായ ഉത്തരവാദിത്വം മാത്രമേയുള്ളൂ. ഇക്കാര്യത്തിൽ സർക്കാരിന്റെ ഉത്തരവാദിത്വം തീരെയില്ല എന്നുതന്നെ പറയാം. എന്നാൽ പല ക്ഷേത്രങ്ങളിലും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ബുദ്ധിമുട്ടുന്നത് പരിഗണിച്ച് ജീവനക്കാരുടെ പ്രശ്നമെന്നുള്ള നിലയിൽ മാനുഷിക പരിഗണന എന്ന നിലയിൽ മാത്രമാണ് സർക്കാർ ചെറിയ തുക നൽകുന്നത്. ഇക്കാര്യത്തിൽ സർക്കാരിന് കൂടുതൽ ബാദ്ധ്യതകൾ ഏറ്റെടുക്കുന്നതിന് നിർവ്വാഹമില്ല. ആയതിനാൽ ബഹു.സമിതി ശിപാർശ ചെയ്ത പ്രകാരം തുക അനുവദിക്കാൻ നിർവ്വാഹമില്ല എന്നറിയിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 31083/ദേവ I/2014/ആർ.ഡി. തീയതി 30-10-2014)

<u>ശിപാർശ</u>

മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങൾക്ക് ജീർണ്ണോദ്ധാരണ ധനസഹായമായി ഫണ്ടിന്റെ അപര്യാപ്തത മൂലം 10000 രൂപ മാത്രമാണ് നിലവിൽ അനുവദിച്ചു നൽകാറുള്ളത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാ ക്ഷേത്രങ്ങളും നവീകരണ പ്രവർത്തനങ്ങൾക്കായി സർക്കാർ ധനസഹായത്തെ മാത്രമാണ് ആശ്രയിക്കുന്നത്. ആയതിനാൽ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള എല്ലാ ക്ഷേത്രങ്ങൾക്കും ഏറ്റവും ചുരുങ്ങിയത് ഒരു ലക്ഷംരൂപയെങ്കിലും അനുവദിച്ചു നൽകാൻ കഴിയുന്ന വിധത്തിൽ ഈ

ആവശ്യത്തിലേയ്ക്കായി 14.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

( ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങൾക്ക് ജീർണ്ണോദ്ധാരണ ധനസഹായം അനുവദിക്കുന്നതിന് ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും കഴിയുന്നത്ര തുക വകയിരുത്തേണ്ടതാണെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് നിർദ്ദേശം നൽകുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 31083/ദേവ I/2014/ആർ.ഡി. തീയതി 30-10-14)

<u>ശിപാർശ</u>

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ളതും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം നടത്തിപ്പുകാരായതുമായ സ്വകാര്യ ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾക്കായി ഏറ്റവും കുറഞ്ഞത് ഒരു ലക്ഷം രൂപയെങ്കിലും അനുവദിക്കേണ്ടതിനാൽ ഈ ആവശ്യത്തിലേയ്ക്കായി 10 കോടി രൂപ അധികമായി അനുവദിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

( ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ളതും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം നടത്തിപ്പുകാരായതുമായ സ്വകാര്യ ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾക്കായി ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും തുക വകയിരുത്തേണ്ടതാണെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് നിർദ്ദേശം നൽകാവുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 31083/ദേവ I/2014/ആർ.ഡി. തീയതി 30-10-14)

<u>ശിപാർശ</u>

മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭൂമികയ്യേറ്റത്തിന്റെ വ്യാപ്തി കൃത്യമായി മനസ്സിലാക്കുന്നതിനും ആയത് തിരിച്ച് പിടിക്കുന്നതിനും റവന്യൂ/സർവ്വെ വകുപ്പുകളുടെ സംയുക്ത സർവ്വെയിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. ഇതിനുവേണ്ടി ബോർഡിന്റെ കീഴിൽ ഒരു ലാന്റ് കൺസർവൻസി യൂണിറ്റ്

രൂപീകരിച്ചാൽ മാത്രമേ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുന്ന നടപടി കാര്യക്ഷമമാകുകയുള്ളൂ. അപ്രകാരം ലാന്റ് കൺസർവൻസി യൂണിറ്റ് രൂപീകരിക്കുന്നതിനുവേണ്ടി 5.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിനായി മലബാർ ദേവസ്വം ബോർഡിനു മാത്രമായി ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കോഴിക്കോട് ജില്ലാ കളക്ടർ, സർവ്വേ ആന്റ് ലാന്റ് റിക്കോർഡ്സ് വകുപ്പ് ഡയറക്ടർ, ലാന്റ് റവന്യൂ കമ്മീഷണർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇങ്ങനെ രൂപീകരിക്കുന്ന ലാന്റ് കൺസർവൻസി യൂണിറ്റിന്റെ ചെലവ് അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതു വരെയോ അല്ലെങ്കിൽ അഞ്ച് വർഷത്തേക്കോ ഏതാണോ ആദ്യം അത്രയും കാലത്തേക്ക് ബോർഡ് വഹിക്കുന്നതാണെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. 12/06/2014-ന് ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ദേവസ്വം വക ഭൂമി ഒരു കാരണവശാലും മറ്റുള്ളവർക്ക് രജിസ്റ്റർ ചെയ്തു കൊടുക്കാൻ പാടില്ല എന്ന് എല്ലാ സബ് രജിസ്ട്രാർ ഓഫീസർമാർക്കും നിർദ്ദേശം നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് നികുതി വകുപ്പ് സെക്രട്ടറിക്കും നഷ്ടപ്പെട്ട ഭൂമികളുടേയും മറ്റും കണക്കെടുപ്പ് നടത്തുന്നതിന് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ കേരള ലാന്റ് കൺസർവൻസി ആക്ട് പ്രകാരം കയ്യേറ്റ ഭൂമി ഒഴിപ്പിക്കുന്നതിനും കയ്യേറ്റം ചെയ്ത ഭൂമിയുടെ മൂല്യത്തിന്റെ മൂന്നിരട്ടി തുക പിഴ ഈടാക്കുന്നതിനും എല്ലാ സബ് കളക്ടർമാർക്കും തഹസീൽദാർമാർക്കും ഡെപ്യൂട്ടി കളക്ടർമാർക്കും നിർദ്ദേശം നൽകുകയും ഇതു സംബന്ധിച്ച റിപ്പോർട്ട്

അടിയന്തരമായി സമർപ്പിക്കണമെന്ന് എല്ലാ ജില്ലാ കളക്ടർമാർക്കും റവന്യൂ (ദേവസ്വം) സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 31083/ദേവ I/2014/ആർ.ഡി. തീയതി 30-10-2014)

<u>ശിപാർശ</u>

അന്യം നിന്നു പോകുന്ന ക്ഷേത്രാചാരങ്ങളും ക്ഷേത്രകലകളും പരിപോഷിപ്പിക്കുന്നതിനായി ക്ഷേത്രങ്ങളിൽ ഉപയോഗപ്പെടുത്താതെ കിടക്കുന്ന സ്ഥലത്ത് ക്ഷേത്ര കലാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് 10 കോടി രൂപ വകയിരുത്തുന്നതിന് 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ശിപാർശ ചെയ്തിരുന്നെങ്കിലും ആയത് ലഭിച്ചിട്ടില്ല. അതിനാൽ ഈ ആവശ്യത്തിലേയ്ക്കായി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ ഒരു ക്ഷേത്രകലാ അക്കാഡമി സ്ഥാപിക്കുന്നതിന് തീരുമാനമെടുക്കുകയും എന്നാൽ സർക്കാർ തലത്തിൽ ഇതിനെ സംബന്ധിച്ച് കൂടുതൽ മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുന്നതിനു മുൻപു തന്നെ മലബാർ ദേവസ്വം ബോർഡ് ടി അക്കാഡമി കണ്ണൂർ ജില്ലയിലെ മാടായിക്കാവ് പരിസരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും 5 ലക്ഷം രൂപയ്ക്ക് ഫർണിച്ചർ വാങ്ങുകയും ചെയ്തു. ഈ തുക ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. അക്കാഡമിയുടെ നടത്തിപ്പിനായി ഒരു പ്രസിഡന്റിനേയും ബോർഡ് അംഗങ്ങളെയും നിയമിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 31083/ദേവ I/2014/ആർ.ഡി. തീയതി 30-10-2014)

<u>ശിപാർശ</u>

സർക്കാർ അംഗീകാരം നൽകിയിട്ടുള്ള 1203 ആചാരസ്ഥാനികർക്കും 278 കോലധാരികൾക്കും പുറമെ 601 ആചാരസ്ഥാനികർക്കും 89 കോലധാരികൾക്കും കൂടി ധനസഹായം അനുവദിച്ചുകൊണ്ട് 2013-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നെങ്കിലും ധനസഹായ വിതരണത്തിനായി

2013-14-ലെ ബഡ്ജറ്റിൽ അധിക തുക അനുവദിക്കാതിരുന്നതിനാൽ ബോർഡിന്റെ തനതു ഫണ്ടിൽ നിന്നുമാണ് തുക വിതരണം ചെയ്തത്. കൂടാതെ 2013-14 വർഷത്തെ ധനസഹായ വിതരണം ഫണ്ടിന്റെ അപര്യാപ്തത മൂലം കടിശ്ശികയാണ്. അതിനാൽ ബോർഡ് ഫണ്ടിലേയ്ക്ക് തിരികെ വകയിരുത്തേണ്ട 19,06,500 രൂപയും 2013-14-ലെ കടിശ്ശിക വിതരണത്തിനാവശ്യമായ 1,19,00,700 രൂപയും 2014-15 ലെ ധനസഹായ വിതരണത്തിന് ആവശ്യമായ 2,04,01,200 രൂപയും ഉൾപ്പെടെ 3,42,08,400 രൂപ ഈ പദ്ധതിയുടെ പ്രവർത്തനത്തിന് ആവശ്യമായി വരുന്നതാണ്. കൂടാതെ ധനസഹായം ലഭിക്കുന്നതിന് സർക്കാർ മുഖാന്തിരവും നേരിട്ടും ലഭിക്കുന്ന അപേക്ഷകളിൽധനസഹായം ലഭ്യമാക്കുന്നതിനും തുക ആവശ്യമായി വരുമെന്നതിനാൽ ഈ ആവശ്യങ്ങളിലേയ്ക്കായി 6 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

ആചാരസ്ഥാനികർ, കോലധാരികൾ എന്നിവർക്ക് ധനസഹായം നൽകുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ സപ്ലിമെന്ററി ഗ്രാന്റ് ഇനത്തിൽ ഒരു കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 31083/ദേവ 1/2014/ആർ.ഡി. തീയതി 30-10-14)

<u>ശിപാർശ</u>

ജന്മിപെൻഷൻ 500 രൂപയിൽ നിന്നും 1500 രൂപയായി വർദ്ധിപ്പിച്ചതിനാൽ പുതുക്കിയ നിരക്കിൽ ജന്മി പെൻഷൻ വിതരണം നടത്തുന്നതിന് അധികമായി ആവശ്യമുള്ള 14 ലക്ഷം രൂപ കൂടി അനുവദിക്കണം.

(ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

ജന്മിപെൻഷൻ 500 രൂപയിൽ നിന്നും 1500 രൂപയായി വർദ്ധിപ്പിച്ചതിനാൽ പുതുക്കിയ നിരക്കിൽ ജന്മി പെൻഷൻ വിതരണം

നടത്തുന്നതിന് ടി ശീർഷകത്തിൽ 14,00,000 രൂപ അധികമായി വകയിരുത്തുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഒന്നാം ഘട്ട ഉപധനാഭ്യർത്ഥനയിൽ ശിപാർശ സമർപ്പിച്ചുവെങ്കിലും ഫണ്ട് ലഭിച്ചിട്ടില്ല. 01/09/2014-ലെ 380/14/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം മുൻ ജന്മി പെൻഷൻ 3000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം 3000/- രൂപ നിരക്കിൽ ഫണ്ട് വിതരണം ചെയ്യുന്നതിനായി 32 ലക്ഷം രൂപ അനുവദിക്കുന്നതിന് അഡീഷണൽ ഓതറൈസേഷൻ പ്രൊപ്പോസൽ 20/10/2014 ന് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 49564/എൻ1/2014/ഇ.ഡി, തീയതി 28-10-14)

ശിപാർശ

ലാന്റ് റിഫോംസ് റിവ്യൂ ബോർഡ് അനൗദ്യോഗിക അംഗങ്ങൾക്ക് ഫസ്റ്റ് ക്ലാസ് ഓഫീസർമാർക്ക് ലഭിക്കുന്ന ടി.എ/ഡി.എ നിരക്കിൽ തുക നൽകുന്നതിന് ഉത്തരവ് ലഭിച്ചിട്ടുള്ളതിനാൽ ടി ആവശ്യത്തിനായി 1 ലക്ഷം രൂപ അധികമായി അനുവദിക്കണം.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

ലാന്റ് റിഫോംസ് റിവ്യൂ ബോർഡ് അനൗദ്യോഗിക അംഗങ്ങൾക്ക് ഫസ്റ്റ് ക്ലാസ് ഓഫീസർമാർക്ക് ലഭിക്കുന്ന നിരക്കിൽ റ്റി.എ/ഡി.എ. നൽകുന്നതിന് 1 ലക്ഷം രൂപ വകയിരുത്തുന്നതിന് 2014-15 ഒന്നാംഘട്ട ഉപധനാഭ്യർത്ഥനയിൽ ശിപാർശ സമർപ്പിച്ചുവെങ്കിലും ഫണ്ട് ലഭിച്ചിട്ടില്ല. തുടർന്ന് ടി തുക ലഭ്യമാക്കുന്നതിന് 20/10/2014-ന് അഡീഷണൽ ഓതറൈസേഷൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 49564/എൻ1/2014/ഇ.ഡി, തീയതി 28.10.14)

ശിപാർശ

ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുത്ത മിച്ചഭൂമിയിൽ പൊതു ആവശ്യങ്ങൾക്കായി മാറ്റിവച്ചിട്ടുള്ളവയുടെ സംരക്ഷണവും നിയന്ത്രണവും ലാന്റ് ബാങ്കിൽ നിക്ഷിപ്തമാണെങ്കിലും ബാക്കിയുള്ള മിച്ചഭൂമിയുടെ സംരക്ഷണം ലാന്റ്

ബോർഡിന്റെയും ജില്ലാ കളക്ടർമാരുടെയും നിയന്ത്രണത്തിലാണ്. പ്രസ്തുത ഭൂമിയുടെ സംരക്ഷണത്തിന് ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 20,00,000 രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുത്ത മിച്ചഭൂമി സംരക്ഷിക്കുന്നതിനായി 20 ലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ട് ഒന്നാംഘട്ട ഉപധനാഭ്യർത്ഥനയിൽ ശിപാർശ സമർപ്പിച്ചുവെങ്കിലും ഫണ്ട് ലഭിച്ചിട്ടില്ല. തുടർന്ന് 20/10/2014-ന് അഡീഷണൽ ഓതറൈസേഷൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 49564/എൻ1/14/ആർ.ഡി. തീയതി 28-10-2014)

## 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

### ലീഗൽ മെട്രോളജി വകുപ്പ്

<u>ശിപാർശ</u>

2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പല ബില്ലുകളും മാറി നൽകിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2014-15 -ലെ ബഡ്ജറ്റ് വിഹിതമായ 8 ലക്ഷം രൂപയ്ക്കു പുറമെ 10 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

( ഖണ്ഡിക 7)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 43111/എഫ്3/2014/റവന്യൂ തീയതി 11-11-2014)

<u>ശിപാർശ</u>

വാടക കുടിശ്ശിക ഇനത്തിൽ ഹൗസിംഗ് ബോർഡിന് 24 ലക്ഷം രൂപയും തിരുവനന്തപുരം ഡെപ്യൂട്ടി കൺട്രോളർ ഓഫീസിന് 5 ലക്ഷം രൂപയും

നൽകാനുള്ളതിനാൽ 2014-15-ലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 30 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല

(സർക്കാർ കത്ത് നമ്പർ 43111/എഫ്3/2014/റവന്യൂ തീയതി 11-11-2014)

ഇ. ചന്ദ്രശേഖരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2016, ആഗസ്റ്റ് 10.

## അനുബന്ധം

## 20-4-2015-ലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II 2015 ഏപ്രിൽ മാസം 20-ാം തീയതി രാവിലെ 11 മണിയ്ക്ക് നിയമസഭാ കോംപ്ലക്സിലെ V-എ സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രിയുമായ ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു

**ഹാജരായ അംഗങ്ങൾ :**

ശ്രീ. പി. ബി. അബ്ദുൾ റസാക്, എം.എൽ.എ
ശ്രീ. പാലോട് രവി ”
ശ്രീ. വി. പി. സജീന്ദ്രൻ ”
ശ്രീ. എൻ. ഷംസുദ്ദീൻ ”

**നിയമസഭാ സെക്രട്ടേറിയറ്റ് :**

1. ഡോ. വിശ്വാസ് മേത്ത, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
2. ശ്രീ. എ. രാധാകൃഷ്ണൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
3. ശ്രീ. ഇ. ദേവദാസൻ, സെക്രട്ടറി, ലാന്റ് ബോർഡ്
4. ശ്രീ. കെ. ജീവൻ ബാബു, ഡയറക്ടർ, സർവ്വേ വകുപ്പ്.

സമിതി 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന ധനാഭ്യർത്ഥന നമ്പർ VI, XXVI എന്നിവ സംബന്ധിച്ച സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ സമിതി തീരുമാനിച്ചു

### ധനാഭ്യർത്ഥന നമ്പർ VI - ഭൂനികുതി

2029-00-001-98 - കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ
ബഡ്ജറ്റ് വിഹിതം : 50,000,000 രൂപ (പ്ലാൻ)

വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ഘട്ടംഘട്ടമായി റവന്യൂ ഓഫീസുകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം

നടപ്പാക്കുന്നതിനും സ്മാർട്ട് വില്ലേജ് ഓഫീസുകൾ സ്ഥാപിക്കുന്നതിനും വകയിരുത്തിയിട്ടുള്ള 5 കോടി രൂപ അപര്യാപ്തമായതിനാൽ 5 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു

2029-00-101-99 - വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ് (നോൺ പ്ലാൻ)
ബഡ്ജറ്റ് വിഹിതം : 29941,74,000 രൂപ

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ ജീവനക്കാർക്ക് യാത്രാബത്ത കുടിശ്ശിക നൽകാനുള്ളതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 75 ലക്ഷം രൂപയും വില്ലേജ് ഓഫീസുകളിൽ സ്ത്രീ ജീവനക്കാർക്ക് കൂടി ഉപയോഗിക്കത്തക്ക രീതിയിലുള്ള ഇരുചക്ര വാഹനങ്ങൾ വാങ്ങുന്നതിനും ഇന്ധന ചെലവിനുമായി 10 കോടി രൂപയും അധികമായി വകയിരുത്ത ണമെന്ന് സമിതി ശിപാർശ ചെയ്യു

2029-00-102-97 - അന്തർ സംസ്ഥാന അതിർത്തി കൂട്ടായി പരിശോധിക്കൽ

ബഡ്ജറ്റ് വിഹിതം : 2,000 രൂപ (നോൺ പ്ലാൻ)

കേരളവുമായി ബന്ധപ്പെട്ട് കിടക്കുന്ന തമിഴ്നാടിന്റെയും കർണ്ണാടകത്തിന്റെയും പൊതു അതിർത്തികൾ കൂട്ടായി പരിശോധിക്കുന്നതിനും ജീവനക്കാരുടെ യാത്രാ ചെലവുകൾക്കും മറ്റു അനുബന്ധ ചെലവുകൾക്കും ഈ വർഷം അനുവദിച്ച തുകയായ 2000 രൂപ അപര്യാപ്തമായതിനാൽ 20,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2029-00-102-99-21 (1) (നോൺ പ്ലാൻ) സർവ്വേ വകുപ്പ് ( ജനറൽ)
2029-00-102-95-21 (1) (നോൺ പ്ലാൻ) ഭൂപരിഷ്കരണം നടപ്പിലാക്കുന്നതിലേക്ക് ഭൂമി സംബന്ധമായ രേഖകൾ തയ്യാറാക്കൽ, രേഖകൾ മോശമായ പ്രദേശങ്ങളുടെ പുനർ സർവ്വേ ( കണ്ണാടി സർവ്വേ)

റവന്യൂ വകുപ്പിൽ നടപ്പു സാമ്പത്തിക വർഷം പുതിയ വാഹനങ്ങൾ വാങ്ങുന്നതിലേക്ക് തുക അനുവദിച്ചിട്ടില്ല. ആധുനിക ഉപകരണങ്ങൾ ഫീൽഡിൽ എത്തിക്കുന്നതിനായി ടോട്ടൽ സ്റ്റേഷൻ സർവ്വേ നടക്കുന്ന മലമ്പ്രദേശങ്ങളിലും മറ്റും

ദീർഘദൂരം സഞ്ചരിക്കുന്നതിന് 15 വർഷത്തിലേറെ പഴക്കം ചെന്ന നിലവിലുള്ള വാഹനങ്ങൾ അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകങ്ങളിൽ യഥാക്രമം 112 ലക്ഷം രൂപയും 44 ലക്ഷം രൂപയും (ആകെ 156 ലക്ഷം രൂപ) അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2029-00-102-93 - സർവ്വെ ട്രെയിനിംഗ് സ്കൂളുകളുടെ നവീകരണം
ബഡ്ജറ്റ് വിഹിതം : 1,75,00,000 രൂപ (നോൺ പ്ലാൻ)

ജി. പി. എസ് ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള സർവ്വേയുമായി ബന്ധപ്പെട്ട് ജീവനക്കാരെ ഹൈദരാബാദിൽ അയച്ച് ട്രെയിനിംഗ് നൽകിവരികയാണെന്നും ഇതിനായി ആളൊന്നിന് 4500 രൂപയാണ് ചെലവ് വരുന്നതെന്നും എന്നാൽ ഒരു വർഷം കൊണ്ട് 120 പേർക്ക് ട്രെയിനിംഗ് നൽകാൻ സാധിക്കുന്ന രീതിയിലുള്ള ഒരു മോഡേൺ സർവ്വേ ഇൻസ്റ്റിറ്റ്യൂട്ട് മുട്ടത്തറയിൽ ആരംഭിച്ചിട്ടുണ്ടെന്നും പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ അടിസ്ഥാന സൗകര്യത്തിനായി 15.56 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 1.756 കോടി രൂപ മാത്രമാണ് അനുവദിച്ചതെന്ന് സർവ്വേ ഡയറക്ടർ സമിതിയെ ബോദ്ധ്യപ്പെടുത്തി. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് നൽകുന്ന സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ജോലി സാദ്ധ്യത ഉറപ്പാക്കാൻ കഴിയുമോ എന്ന സമിതിയുടെ ചോദ്യത്തിന് സർവ്വേയിൽ ആധുനിക ഉപകരണങ്ങളുടെ പ്രയോഗം പഠിപ്പിച്ചെടുക്കുക എന്ന ഉദ്ദേശത്തോടെ തുടങ്ങിയ ഈ കോഴ്സ് പൂർത്തിയാക്കുന്നവരെ ഉൾപ്പെടുത്തി സർവ്വേയർ ബാങ്കുണ്ടാക്കാനാണ് ലക്ഷ്യമിടുന്നതെന്നും പ്രസ്തുത ബാങ്കിൽ രജിസ്റ്റർ ചെയ്യുന്നവരെ ആവശ്യമുള്ള സ്ഥലത്ത് നിയോഗിക്കാൻ സാധിക്കുമെന്നും ചെയിൻ സർവ്വേ കോഴ്സിന് സർട്ടിഫിക്കറ്റ് നൽകുന്ന അതേ രീതി തന്നെയാണ് മോഡേൺ സർവ്വേ കോഴ്സിലും തുടരുന്നതെന്നും, ഗവൺമെന്റ് നൽകുന്ന സർട്ടിഫിക്കറ്റായതിനാൽ അതിന് അതിന്റേതായ മൂല്യമുണ്ടെന്നും, സർട്ടിഫിക്കറ്റിന് വാലിഡിറ്റി കിട്ടുന്നതിനായി പി.എസ്.സി.യുമായി ടേക്ക് അപ് ചെയ്യാനുള്ള തീരുമാനവും എടുത്തിട്ടുണ്ടെന്നും റീ-സർവ്വേ ജോലികൾ ഔട്ടസോഴ്സ് ചെയ്യുന്ന ഘട്ടത്തിൽ പ്രസ്തുത കോഴ്സ് പൂർത്തിയാക്കിയവരെ കൂടുതലായി ഉപയോഗിക്കാൻ കഴിയുമെന്നും സർവ്വേ ഡയറക്ടർ വ്യക്തമാക്കി.

ചെയിൻ സർവ്വേ കോഴ്സ് നടത്തുന്ന ഇൻസ്റ്റിറ്റ്യൂട്ടുകളിൽ മോഡേൺ സർവ്വേ ഉൾപ്പെടുത്തുന്നതിനും അതിനുള്ള ഫണ്ട് അനുവദിക്കുന്നതിനും സാധ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ടെന്ന് സമിതി നിർദ്ദേശിച്ചു.

ആയതിനാൽ തിരുവനന്തപുരത്ത് ഹോസ്റ്റലുകളും സ്റ്റാഫ് ക്വാർട്ടേഴ്സും അടങ്ങുന്ന ട്രെയിനിംഗ് സെന്ററിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും കണ്ണൂർ ട്രെയിനിംഗ് സെന്ററിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും പ്രസ്തുത കെട്ടിടത്തിലും സർവ്വെ ട്രെയിനിംഗ് സ്കൂളിലും അടിസ്ഥാന സൗകര്യം

ഒരുക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ 13.75 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2029-00-800-94 – ജന്മിഭോഗവും കരത്തിൽ ചെലവും
ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I-205 (സി) വകുപ്പ് പ്രകാരം സംസ്ഥാനത്തെ ജന്മിമാർക്കും മറ്റുചിലർക്കും അലവൻസ് നൽകുന്നതിനായി വകകൊള്ളിച്ചിരിക്കുന്നത് 1000 രൂപ മാത്രമാണ്. ഈ ശീർഷകത്തിൽ നിന്നും തുക ട്രഷറി മുഖേന നേരിട്ട് വിതരണം ചെയ്യുന്നതിനാൽ 8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2029-00-800- 79 – റവന്യൂ വകുപ്പിലെ ആസ്തികളുടെ പരിപാലനം - ആസ്തികളുടെ പരിപാലനത്തിൽ നിന്നുള്ള ചെലവഴിക്കൽ
ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

സംസ്ഥാനത്തെ വിവിധ ജില്ലകളിലെ വില്ലേജ് ആഫീസുകളുടെ നവീകരണത്തിനും കുടിവെള്ള വിതരണത്തിനുമായി കൂടുതൽ തുക ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു

2029-00-800-76 – ഭൂരഹിതരില്ലാത്ത കേരളം 2015
ബഡ്ജറ്റ് വിഹിതം : 60000,000 രൂപ (പ്ലാൻ)

2015-ഓടാണ്ടോടെ കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കുക എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനായി അർഹതയുള്ള ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിന് സർക്കാരിന്റെ കൈവശമുള്ള മിച്ചഭൂമിക്ക് പുറമെ, മിച്ചഭൂമി ഇല്ലാത്ത ജില്ലകളിൽ ഭൂമി വിലയ്ക്കു വാങ്ങുന്നതിനും പദ്ധതിയ്ക്കായി കണ്ടെത്തിയ ഭൂമിയിൽ എത്തിച്ചേരുന്നതിനുള്ള വഴിക്കായി ഭൂമി വാങ്ങുന്നതിനുമായി വകയിരുത്തിയ 6 കോടി രൂപ അപര്യാപ്തമായതിനാൽ 44 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2506-00-103-94 – ഭൂരേഖകളുടെ ആധുനികവൽക്കരണം (എൻ.എൽ.ആർ.എം.പി) - ഭൂരേഖകളുടെ കമ്പ്യൂട്ടർവൽക്കരണം (100% കേന്ദ്രസഹായം)
ബഡ്ജറ്റ് വിഹിതം : ഇല്ല.

ഭൂമി സംബന്ധമായ രേഖകളുടെ കമ്പ്യൂട്ടർ വൽക്കരണത്തിനും ആധുനികവൽക്കരണത്തിനുമായി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ

992.76 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നുവെങ്കിലും ഡൽഹിയിൽ നിന്നുള്ള ഫോളോഅപ് വർക്കിൽ പറ്റിയ തകരാറു കാരണം നഷ്ടപ്പെട്ടു പോയെന്നും എന്നാൽ 100% കേന്ദ്രവിഹിതം പദ്ധതിയിൽ ഉൾപ്പെടുന്ന ഈ പദ്ധതിക്കുവേണ്ടി ഇന്ത്യാ ഗവൺമെന്റ് ഈ വർഷം തുക വകയിരുത്താതിരുന്നത് സംബന്ധിച്ച് ഒരു നോട്ട് നൽകണമെന്ന് സമിതി ഡിപ്പാർട്ട്മെന്റിനോട് ആവശ്യപ്പെടുകയും വകുപ്പ് ആയത് നൽകുന്നതാണെന്ന് ഉറപ്പുനൽകുകയും ചെയ്തു.

റവന്യൂ സംബന്ധമായ ഭരണത്തിന്റെ സുതാര്യതയും കാര്യക്ഷമതയും ലക്ഷ്യം വച്ച് 100% കേന്ദ്രസഹായത്തോടുകൂടി നടപ്പിലാക്കുന്ന ഈ പദ്ധതി റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവത്ക്കരണവും റിക്കാർഡുകളുടെ ആധുനികവത്ക്കരണവും ഒപ്പം സർവ്വെ, രജിസ്ട്രേഷൻ എന്നീ വകുപ്പുകൾ സംയോജിപ്പിച്ച് കൊണ്ട് പൂർത്തീകരിച്ച് വരുന്നു. 2014-15 വർഷത്തിൽ 992.76 ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും തുക ചെലവഴിച്ചില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ 2015-16 വർഷത്തേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്ന 2 കോടി 7 ലക്ഷം രൂപയോടൊപ്പം മുൻവർഷം വകയിരുത്തിയിരുന്ന 992.76 ലക്ഷം രൂപയും കൂടി ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2506-00-103-93(02) – <u>ഭൂരേഖകളുടെ കാലോചിതമായ സർവ്വേയും തീർപ്പാക്കലും</u>

ബഡ്ജറ്റ് വിഹിതം : 42,00,00,00 രൂപ (50% കേന്ദ്രവിഹിതം) (പ്ലാൻ)

ഭൂരേഖകളുടെ കാലോചിതമായ സർവ്വേയും തീർപ്പാക്കലും പദ്ധതിക്കുവേണ്ടി 3510.00 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു എന്നാൽ 420 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ആകയാൽ ശേഷിക്കുന്ന 3090 ലക്ഷം രൂപയും മുൻവർഷം ഇതേ ശീർഷകത്തിൽ വകയിരുത്തിയ 420 ലക്ഷം രൂപയും ചേർത്തുള്ള തുക ബഡ്ജറ്റിൽ വകയിരുത്താൻ സമിതി ശിപാർശ ചെയ്യു.

2506-00-103-93(03) – <u>രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടർവൽക്കരണം</u>

ബഡ്ജറ്റ് വിഹിതം : 3,20,00,000 രൂപ (25% കേന്ദ്രവിഹിതം) (പ്ലാൻ)

രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി 7 കോടി പത്തുലക്ഷം രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും 3 കോടി 20 ലക്ഷം

രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ശേഷിച്ച 3 കോടി 90 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

സമിതി 27.4.2015-ന് കൂടാൻ തീരുമാനിച്ചിരുന്ന യോഗം 4.5.2015-ലേയ്ക്ക് മാറ്റാൻ തീരുമാനിച്ചു. സമിതിയോഗം രാവിലെ 11.30-ന് പിരിഞ്ഞു.

## 4-5-2015-ലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ യോഗം 2015 ഏപ്രിൽ മാസം 4-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കു ശേഷം 2.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ 'V'ഡി സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറും തദവസരത്തിൽ സന്നിഹിതനായിരുന്നു.

### ഹാജരായ അംഗങ്ങൾ

1. ശ്രീ. പി. ബി. അബ്ദുൾ റസാക്, എം.എൽ.എ
2. ശ്രീ. പാലോട് രവി, എം.എൽ.എ

### നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. എസ്. തുളസീധരൻ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എം.ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി

### ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. വിശ്വാസ് മേത്ത, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, ദേവസ്വം/പൊതുമരാമത്ത് വകുപ്പ്
3. ശ്രീ. ഇ. ദേവദാസൻ, സെക്രട്ടറി, ലാന്റ് ബോർഡ്/ലാന്റ് റവന്യൂ കമ്മീഷണർ (ഇൻ-ചാർജ്)
4. ഡോ. കേശവ് മോഹൻ, ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്
5. ശ്രീ. മുഹമ്മദ് ഇക്ബാൽ, കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്
6. ശ്രീ. കെ. രവി കുമാരൻ, കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്

സമിതി 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ XI, XX, XXVIII എന്നീ ധനാഭ്യർത്ഥനകൾ സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു

ധനാഭ്യർത്ഥനയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ സമിതി തീരുമാനിച്ചു

## ധനാഭ്യർത്ഥന നമ്പർ XI

## ജില്ലാഭരണവും പലവകയും

2053-00-093-99 -ജില്ലാ എസ്റ്റാബ്ലിഷ്മെന്റ്-കളക്ടർമാരും മജിസ്ട്രേറ്റുമാരും

ബഡ്ജറ്റ് വിഹിതം : 120,85,56,000 രൂപ (നോൺ പ്ലാൻ)

ശബരിമല സീസണോടനുബന്ധിച്ച ചെലവുകൾക്കും ബഹു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്കും ഗോൾഫ് കോഴ്സിനുള്ള കുടിശ്ശിക തുക അനുവദിക്കുന്നതിലേക്കുമായി കൂടുതൽ തുക വേണ്ടിവരുമെന്നതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2053-00-093-98 സംസ്ഥാനത്തെ വില്ലേജ്, താലൂക്ക്, റവന്യൂ ഡിവിഷനുകളുടെ പുനഃസംഘടന

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

സംസ്ഥാനത്തെ വില്ലേജ്, താലൂക്ക്, റവന്യൂ ഡിവിഷനുകളുടെ പുന:സംഘടനയുമായി ബന്ധപ്പെട്ട പ്രാരംഭ ചെലവുകൾ വഹിക്കുന്നതിനായി ആയിരം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. കോന്നി താലൂക്ക് ഓഫീസിന്റെ അടിസ്ഥാന സൗകര്യത്തിനായി കൊടുത്തു തീർക്കാനുള്ള തുകയും സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം തിരുവനന്തപുരം ജില്ലയിൽ പുതിയതായി അനുവദിക്കാനുദ്ദേശിക്കുന്ന റവന്യൂ ഡിവിഷന്റെ അടിസ്ഥാന സൗകര്യത്തിനുമായി ഒരു കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

## ദുരന്തനിവാരണ വകുപ്പ്

2053-00-094-50 -ഡിസാസ്റ്റർ മാനേജ്മെന്റ്, ദുരന്തനിവാരണവും പുനരധിവാസവും

ബഡ്ജറ്റ് വിഹിതം : ഇല്ല (നോൺ പ്ലാൻ)

പ്രകൃതി ദുരന്തദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ ഏജൻസികളുടെ ഏകോപനം, ദുരന്തങ്ങളുടെ സ്ഥിതിവിവര കണക്കുകൾ തയ്യാറാക്കൽ, ദുരന്തനിവാരണ പദ്ധതികളുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ, മാർഗ്ഗനിർദ്ദേശങ്ങൾ, പ്രചാരണ പ്രവർത്തനങ്ങൾ, വിവിധ വകുപ്പുകളുടെയും ജില്ലാതല ദുരന്തനിവാരണ ഏജൻസികളുടെയും പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുത്തു നടത്തിവരുന്ന സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്കായി മേൽ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ ഈ വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആകയാൽ ജീവനക്കാരുടെ ശമ്പളം നൽകുന്നതിനും

ഓഫീസിന്റെ ഭരണപരമായ ചെലവിലേക്കുമായി 25 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2053-00-800-98-31 -ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം: 40,12,000 രൂപ (നോൺ പ്ലാൻ)

ഇൻസ്റ്റിറ്റ്യൂട്ടിലെ നിലവിലുള്ള ജീവനക്കാർക്ക് ശമ്പളത്തിനായി പ്രതിവർഷം 67.20 ലക്ഷം രൂപ ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ ഈ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ 40.12 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ 27.08 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2053-00-800-98-36 - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ഡിസാസ്റ്റർ മാനേജ്മെന്റിനെ ദേശീയ നിലവാരത്തിലുള്ള മികവിന്റെ കേന്ദ്രമായും ലാന്റ് ഗവേണൻസ് ഡിസാസ്റ്റർ മാനേജ്മെന്റ് മേഖലയിലെ സർവ്വകലാശാലയായും മാറ്റുന്നതിനു വേണ്ടി പ്രസ്തുത സ്ഥാപനത്തിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ആകയാൽ മേൽ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 4.85 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2053-00-800-98-36 - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 1,75,60,000 രൂപ (നോൺ പ്ലാൻ)

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിൽ പ്രതിദിനം 200-ഓളം ജീവനക്കാർ പരിശീലനത്തിനായി എത്തുന്നുണ്ട്. ഇവർക്ക് താമസിക്കുന്നതിനായി ഹോസ്റ്റലുകളും ക്വാർട്ടേഴ്സുകളും അനുബന്ധകെട്ടിടങ്ങളും ഇൻസ്റ്റിറ്റ്യൂട്ടിലുണ്ട്. ഇതിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി 22 ലക്ഷം രൂപ ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ പദ്ധതിയേതര ഇനത്തിൽ ഈ വർഷം വകയിരുത്തിയത് 17.56 ലക്ഷം രൂപ മാത്രമാണ്. ആകയാൽ 4.44 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2250-00-103-98 - <u>കൊച്ചി ദേവസ്വം ബോർഡിനുള്ള ധനസഹായം</u>

ബഡ്ജറ്റ് വിഹിതം - 1,000 രൂപ (നോൺ പ്ലാൻ)

കൊച്ചിൻ ദേവസ്വം ബോർഡിന് നിലവിൽ ഗ്രാന്റ് ഇനത്തിലോ മറ്റോ ധനസഹായം ഒന്നും ലഭിക്കുന്നില്ലായെന്നും കേവലം 1,000 രൂപ മാത്രമാണ് മേൽ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി നീക്കിവച്ചിരിക്കുന്നതെന്നും ആയതിനാൽ കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ചോറ്റാനിക്കര ദേവീ ക്ഷേത്രത്തിന്റെ വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനും പ്രസ്തുത ദേവീക്ഷേത്ര പരിസരത്ത് മാലിന്യനിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കുമായി 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2250-00-103-91 – <u>മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേക്ക് സർക്കാർ നൽകുന്ന സംഭാവന</u>

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേക്ക് സർക്കാർ നൽകുന്ന സംഭാവന ഇനത്തിൽ കേവലം 1,000 രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 1,000 രൂപ തുലോം അപര്യാപ്തമാകയാൽ മേൽ ശീർഷകത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2250-00-103-86 - <u>മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ആചാരസ്ഥാനികർ,കോലധാരികൾക്കുമുള്ള മാസഅലവൻസ്</u>

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 1804 ആചാരസ്ഥാനികർക്കും 367 കോലധികാരികൾക്കും അനുവദിച്ചിട്ടുള്ള സഹായധനം നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2250-00-103-85 - <u>മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രകലാ അക്കാഡമി</u>

ബഡ്ജറ്റ് വിഹിതം : ഇല്ല

മലബാർ ദേവസ്വം ബോർഡിന് കീഴിൽ സ്ഥാപിച്ച ക്ഷേത്രകലാ അക്കാഡമിയുടെ പ്രവർത്തനത്തിനായി ബഡ്ജറ്റിൽ യാതൊന്നും വകയിരുത്താത്തതിനാൽ മേൽ ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2250-00-103-83 – <u>തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ പുരാവസ്തുശേഖരങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് തുക അനുവദിക്കുന്നത്</u>

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

ശ്രീ പത്മനാഭസ്വാമിക്ഷേത്രത്തിലെ പുരാവസ്തുശേഖരങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിധിശേഖരണത്തിന്റെ കണക്കുകൾ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് കെൽട്രോണിലെ ഉദ്യോഗസ്ഥരുടെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതിനാൽ ഇവരുടെ പ്രവർത്തനത്തിനായി കൂടുതൽ തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തി. ആകയാൽ മേൽ ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2250-00-103-83 – <u>തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട വിദഗ്ധ സമിതി</u>

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

ശ്രീ പത്മനാഭസ്വാമിക്ഷേത്രവുമായി ബന്ധപ്പെട്ട് വിദഗ്ധ സമിതിയുടെ പ്രവർത്തനം തുടരാൻ ബഹു. സുപ്രീം കോടതി ഉത്തരവ് നൽകിയതിന്റെ പശ്ചാത്തലത്തിൽ ആയതിന്റെ പ്രവർത്തനങ്ങൾക്കായി മേൽ ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2250-00-103-81 – <u>കണിച്ചുകുളങ്ങര ക്ഷേത്രത്തിൽ മാലിന്യനിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുന്നതിനുള്ള സഹായം</u>

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

കണിച്ചുകുളങ്ങര ക്ഷേത്രത്തിൽ മാലിന്യനിർമ്മാർജ്ജന പദ്ധതിക്ക് മുൻവർഷം ഒരു കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും ധനകാര്യവകുപ്പിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി ലഭിച്ചിരുന്നില്ല. പ്രസ്തുത പശ്ചാത്തലത്തിൽ മേൽ ശീർഷകത്തിൽ 1.5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2250-00-800-99 - <u>ക്ഷേത്രങ്ങളോടു ചേർന്നുള്ള കാവുകളുടേയും കുളങ്ങളുടേയും ആൽത്തറകളുടേയും സംരക്ഷണം</u>

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ

സംസ്ഥാനത്ത് ക്ഷേത്രങ്ങളോടു ചേർന്നുള്ള കാവുകളുടേയും കുളങ്ങളുടേയും ആൽത്തറകളുടേയും സംരക്ഷണപദ്ധതി നടപ്പിലാക്കുന്നതിലേക്കായി തൻവർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 10 കോടി രൂപ വകയിരുത്തുന്നതിനായി പ്രഖ്യാപിച്ചിരുന്നുവെങ്കിലും 1 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആകയാൽ മേൽശീർഷകത്തിൽ 9 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

## ധനാഭ്യർത്ഥന XX - ശുദ്ധജല വിതരണവും ശുചീകരണവും

### 2215-02-105-95 - ഗ്രാമീണ ശുചീകരണ സർവ്വീസുകൾ-(ശബരിമല ശുചീകരണ പദ്ധതിക്കുള്ള ധനസഹായം)

ബഡ്ജറ്റ് വിഹിതം : 95,80,000 രൂപ (നോൺ പ്ലാൻ)

ശബരിമല മണ്ഡല മകരവിളക്ക് ഉൽസവത്തോടനുബന്ധിച്ച് കോട്ടയം, പത്തനംതിട്ട ജില്ലകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്കും സാനിട്ടേഷൻ സൊസൈറ്റിയുടെ കീഴിലുള്ള ശുചീകരണ പ്രവർത്തനങ്ങൾക്കും ശുചീകരണ സേനയിലെ ജീവനക്കാർക്ക് ദിവസവേതനം നൽകുന്നതിനും ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമാണെന്നും മുൻവർഷങ്ങളിൽ പ്രസ്തുത ശീർഷകത്തിൽ നിന്നും അനുവദിച്ച തുക തികയാത്തതിനാൽ ശബരിമല സാനിറ്റേഷൻ പദ്ധതിക്കായി സീറോ വേസ്റ്റ് പദ്ധതിക്ക് അനുവദിച്ച തുകയിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 50 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

## ധനാഭ്യർത്ഥന XXVIII - ലീഗൽ മെട്രോളജി വകുപ്പ്

### 3475-00-106-99 -അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം, മെട്രിക് സമ്പ്രദായം നടപ്പാക്കൽ (നോൺ പ്ലാൻ)

ബഡ്ജറ്റ് വിഹിതം : 60,48,000 രൂപ

ഡി.എ യിൽ വന്നിട്ടുള്ള വർദ്ധനവു മൂലം അധികതുക ആവശ്യമായി വരുന്നതിനാൽ ഈ ശീർഷകത്തിൽ 2,52,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

### 3475-00-106-99 - 04-യാത്രാചെലവുകൾ

ബഡ്ജറ്റ് വിഹിതം : 25,00,000 രൂപ

വീതാംശം മുൻവർഷത്തെ ചെലവിനേക്കാൾ കറവായതിനാലും റാഞ്ചിയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലീഗൽ മെട്രോളജി നടത്തുന്ന അടിസ്ഥാന പരിശീലന കോഴ്സിലേക്ക് ജീവനക്കാരെ അയയ്ക്കുന്നതിനാലും അധികചെലവ് പ്രതീക്ഷിക്കുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക വളരെ അപര്യാപ്തമാണ്. ആകയാൽ 5 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

3475-00-106-99 - 05-ഓഫീസ്ചെലവുകൾ (3)-ടെലഫോൺ

ബഡ്ജറ്റ് വിഹിതം : 3,89,000 രൂപ

ഓഫീസ് ചെലവുകളിൽ ഉൾപ്പെടുന്ന ഇന്റർനെറ്റ്, ഫാക്സ്, ഫോൺ എന്നിവയിൽ കൂടുതൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ 36,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

3475-00-106-99 - 06-വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 23,00,000 രൂപ

സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പല ലീഗൽ മെട്രോളജി ഓഫീസ് കെട്ടിടങ്ങളുടേയും വാടകകുടിശ്ശിക തുക നൽകാനുള്ളതിനാലും റവന്യൂ ടവറിൽ പ്രവർത്തിക്കുന്ന ലീഗൽ മെട്രോളജി ഓഫീസുകളുടെ വാടക ഇനത്തിൽ 14 ലക്ഷത്തോളം രൂപ ഭവനനിർമ്മാണ ബോർഡിന് കുടിശ്ശിക കൊടുത്തു തീർക്കുവാനുള്ളതിനാലും ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

റവന്യൂ ടവർ നിർമ്മിക്കുന്നതിനുവേണ്ടി ഹൗസിംഗ് ബോർഡിനു വിട്ടുകൊടുത്ത റവന്യൂ ഭൂമിയിൽ കെട്ടിടങ്ങൾ നിർമ്മിച്ച ശേഷം പ്രസ്തുത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾക്ക് വാടക ഈടാക്കുന്ന പ്രവണത അനുവദിക്കാൻ പാടില്ല എന്ന് സമിതി അഭിപ്രായപ്പെടുകയുണ്ടായി. വർഷങ്ങളായി റവന്യൂ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന നെടുമങ്ങാട് താലൂക്ക് ഓഫീസ് കെട്ടിടത്തിന് വാടക കുടിശ്ശികയുടെ പേരിൽ വെള്ളം, വൈദ്യുതി എന്നിവ നൽകാതിരിക്കുക, തഹസിൽദാരുടെ ജീപ്പ് ജപ്തി ചെയ്യുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരികയാണെന്നും ഇത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്നും സമിതി ആരാഞ്ഞു. ഭൂമി വിട്ടുകൊടുക്കുമ്പോൾ സർക്കാർ ഓഫീസുകൾക്കായുള്ള കെട്ടിടങ്ങൾക്ക് വാടക ഈടാക്കാൻ പാടില്ല എന്ന വ്യവസ്ഥ കൂടി എഗ്രിമെന്റിൽ ഉൾപ്പെടുത്തേണ്ടതാണെന്നും സമിതി ഈ വിഷയത്തിൽ ശിപാർശ നൽകിയാൽ ഇത് സംബന്ധിച്ച തീരുമാനമെടുക്കാൻ സാധിക്കുമെന്നും റവന്യൂ വകുപ്പ് സെക്രട്ടറി അറിയിച്ചു.

ബോർഡ് നിർമ്മിച്ച കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളെ വാടകയിൽ നിന്നും ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

റവന്യൂ വകുപ്പിന്റെ കൈവശമുള്ള പ്രധാന സ്ഥലങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടെ വാണിജ്യ ആവശ്യത്തിനും, ഓഫീസ് ആവശ്യ ത്തിനുമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുകയാണെങ്കിൽ സർക്കാരിന് വരുമാനം ഉണ്ടാകുന്ന തോടൊപ്പം ഓഫീസുകൾ പ്രവർത്തിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭിക്കുകയും ചെയ്യുമെന്നതിനാൽ ഇതു സംബന്ധിച്ചും ഒരു തീരുമാനമുണ്ടാകണമെന്ന് സമിതി നിർദ്ദേശിച്ചു.

ആയതിനാൽ സംസ്ഥാനത്തെ പ്രധാന സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ ഭൂമിയിൽ സർക്കാർ ഓഫീസുകൾക്കും വാണിജ്യസ്ഥാപനങ്ങൾക്കും പ്രവർത്തിക്കത്തക്കവിധമുള്ള കെട്ടിടങ്ങൾ സ്വകാര്യപങ്കാളിത്തത്തോടെ നിർമ്മിച്ച് വാണിജ്യസ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകി സർക്കാരിന് വരുമാനമുണ്ടാക്കുന്ന പദ്ധതിക്ക് രൂപം നൽകണമെന്ന് സമിതി ശിപാർശ ചെയ്യു.

3475-00-106-99 -അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം- മെട്രിക് സമ്പ്രദായം നടപ്പാക്കൽ (നോൺ പ്ലാൻ)
45-പി.ഒ.എൽ.

ബഡ്ജറ്റ് വിഹിതം : 20,00,000 രൂപ

ലീഗൽ മെട്രോളജി വകുപ്പിനായി 9 വാഹനങ്ങൾകൂടി പുതുതായി വാങ്ങിയതുമായി ബന്ധപ്പെട്ട് അധിക ചെലവ് പ്രതീക്ഷിക്കുന്നതിനാൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

3475-00-106-98 -അളവുകളുടെയും തൂക്കങ്ങളുടെയുംപരിശോധനയുടെ ഗുണവും കൃത്യതയും വർദ്ധിപ്പിക്കൽ (പ്ലാൻ)

ബഡ്ജറ്റ് വിഹിതം : 2,75,00,000 രൂപ

ഈ ശീർഷകത്തിൽ മുൻ സാമ്പത്തികവർഷം ഇ-ലെഡ്ജർ ചെയ്തിട്ടുള്ള 25 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തിലുള്ള വിഹിതാംശത്തിൽ നിന്നും ഉപയോഗിക്കേണ്ടി വരുന്നതിനാൽ ഈ സാമ്പത്തിക വർഷം അനുവദിച്ച വിഹിതാംശം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

3475-00-201-93 -കർഷകപുനരധിവാസ ഫണ്ടിൽ നിന്നും കൊടുക്കുന്നതിന്-മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 18,00,000 രൂപ

മുൻ ജൻമി പെൻഷൻ 1,500 രൂപയിൽ നിന്നും 3,000 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കു പുറമെ 76,64,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

3475-00-201-90 - <u>ലാന്റ് റിഫോംസ് റിവ്യൂ ബോർഡ്</u>

ബഡ്ജറ്റ് വിഹിതം - 1,000 രൂപ

ലാന്റ് റിഫോംസ് റിവ്യൂ ബോർഡ് അനൗദ്യോഗിക അംഗങ്ങൾക്ക് സിറ്റിംഗ് ഫീ നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക തുലോം അപര്യാപ്തമായതിനാൽ ഒരു ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

3475-00-201-89 - <u>1963 ലെ ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുക്കപ്പെട്ട മിച്ചഭൂമിയുടെ താൽക്കാലിക നിയന്ത്രണച്ചെലവ്</u>

ബഡ്ജറ്റ് വിഹിതം - 1,000 രൂപ

മിച്ചഭൂമി സംരക്ഷണത്തിനായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

സമിതിയുടെ അടുത്ത യോഗം 13-5-2015-ന് കൂടുവാൻ തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്ക് ശേഷം 2.50-ന് പിരിഞ്ഞു.

## 13-5-2015-ലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II 2015 മെയ് മാസം 13-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 2 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ V-ഡി സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. റവന്യൂവും കയറും വകുപ്പമന്ത്രിയുമായ ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി.

1. ശ്രീ. പാലോട് രവി, എം.എൽ.എ.
2. ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ.
3. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. എസ്. തുളസീധരൻ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി. എം.ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി

സമിതി 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന VI (ഭൂനികുതി), XI (ജില്ലാ ഭരണവും പലവകയും), XX (ദുരന്തനിവാരണം) എന്നിവയുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോട അംഗീകരിക്കുകയും ചെയ്തു.

34-ാം നമ്പർ ഖണ്ഡികയിലെ പൊതുശിപാർശ താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യാൻ നിർദ്ദേശിച്ചു. " റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ ഹൗസിംഗ് ബോർഡ് കെട്ടിടം നിർമ്മിച്ച ശേഷം അവിടെ താലൂക്ക് ഓഫീസും മറ്റ് ഓഫീസുകളും പ്രവർത്തിക്കുന്നതിന് വാടക ഈടാക്കുന്ന ഹൗസിംഗ് ബോർഡിന്റെ നടപടി ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു."

ഖണ്ഡിക 35

35-ാം ഖണ്ഡികയിലെ മൂന്നാമത്തെ വരിയിൽ 'സ്വകാര്യ പങ്കാളിത്തത്തോടെ നിർമ്മിച്ച് ' എന്നതിന് പകരം "പങ്കാളിത്തത്തോടെ പൊതുസ്വകാര്യ മോഡലിൽ നിർമ്മിച്ച് "എന്ന് ഭേദഗതി ചെയ്യാൻ നിർദ്ദേശിച്ചു.

'ഭ്രഷ്ടരഹിതരല്ലാത്ത കേരളം' പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന്റെ ഭാഗമായി സമിതി കണ്ണൂരിൽ സന്ദർശനം നടത്താൻ തീരുമാനിച്ചു.

സമിതി ഉച്ചയ്ക്ക് ശേഷം 2.50-ന് യോഗം പിരിഞ്ഞു.

## 8-6-2015-ലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II 2015 ജൂൺ മാസം 8-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 4.30-ന് നിയമസഭാ സമുച്ചയത്തിലെ 5-ഡി സമ്മേളനഹാളില് സമിതി ചെയർമാൻ ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി.

1. ശ്രീ. പി. ബി. അബ്ദുൾ റസാഖ്, എം.എൽ.എ
2. ശ്രീ. സി. കെ. നാണു, എം.എൽ.എ
3. ശ്രീ. എൻ. ഷംസുദ്ദീൻ, എം. എൽ. എ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ.എസ്.ഉളസീധരൻ, അഡീഷണൽ സെക്രട്ടറി.
2. ശ്രീമതി എം.ആർ.മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ.ആർ.മോഹനദാസ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, ദേവസ്വം വകുപ്പ്.
2. ശ്രീ. കെ. ജീവൻ ബാബു, ഡയറക്ടർ, സർവ്വേ & ലാന്റ് റിക്കോഡ്സ്
3. ശ്രീ. എം. സി. മോഹൻദാസ്, കമ്മീഷണർ ലാന്റ് റവന്യൂ
4. ശ്രീ. രവികുമാർ, കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്.
5. ശ്രീ. പി. എസ്. സുധീഷ് കുമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ലീഗൽ മെട്രോളജി വകുപ്പ്.
6. ശ്രീമതി കെ. എസ്. ഷീല, സ്പെഷ്യൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
7. ശ്രീ. കെ. എം. മോഹനൻ, സീനിയർ ഫിനാൻസ് ഓഫീസർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്.
8. ശ്രീമതി പി. എ. രാജേശ്വരി, അസിസ്റ്റന്റ് സെക്രട്ടറി, ലാൻറ് ബോർഡ്.
9. ഡോ. ശേഖർ എൽ. കുര്യാക്കോസ്, മെമ്പർ, സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി.

സമിതി വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളും 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ അടങ്ങുന്ന ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

1. 2006-07-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫ.നം. 12082/സബ്സിബി1/06/നി.സെ.)

8-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരം സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു

2. 2011-12 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച യോഗങ്ങളിൽ സമിതി ആവശ്യപ്പെട്ട വിവരങ്ങൾ

(ഫ.നം.3775/സബ്സിബി01/11/നി.സെ)

ജന്മിക്കരം പിരിക്കുന്നത് സംബന്ധിച്ച് സമിതി ആവശ്യപ്പെട്ട വിവരത്തിന് റവന്യൂ വകുപ്പ് നൽകിയിട്ടുള്ള കുറിപ്പിൽ തൃശ്ശൂരും പാലക്കാട്ടും ജന്മിക്കരം പിരിക്കുന്നുവെന്ന് തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും ഇപ്പോൾ ഈ സമ്പ്രദായം നിലവിലില്ലെന്നും ആയതിനാൽ തിരുത്തൽ വരുത്തിയ കുറിപ്പ് നൽകാമെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

തൃശ്ശൂർ ജില്ലയിലെ കോൾ നിലം നികത്തിയത് സംബന്ധിച്ച് സമിതി ആവശ്യപ്പെട്ടിരുന്ന വിവരത്തിന് വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി പരിഗണിക്കുകയും വയൽ നികത്തുന്നതിനും കുന്നുകൾ നിരപ്പാക്കുന്നതിനുമെതിരെ

ശക്തമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു വയൽ നികത്തുന്നതുമായി ബന്ധപ്പെട്ട് എല്ലായിടത്തും പ്രത്യേക നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടെന്നും അനുമതിയില്ലാതെ വയൽ നികത്തുന്നവരുടെ പേരിൽ കേസ് എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സമിതി ചെയർമാൻ അറിയിച്ചു വയൽ നികത്തുന്നവരുണ്ടെങ്കിൽ അവരെക്കൊണ്ടു തന്നെ മണ്ണ് എടുപ്പിച്ച് സ്ഥലം പൂർവ്വസ്ഥിതിയിലാക്കണമെന്നാണ് നെൽവയൽ തണ്ണീർതട നിയമത്തിൽ പറഞ്ഞിരിക്കുന്നതെന്നും എന്നാൽ ആരും അത് അനുസരിക്കുന്നില്ലെന്നും അങ്ങിനെയുള്ളവർക്ക് നോട്ടീസ് കൊടുക്കുന്നുണ്ടെന്നും, എങ്കിലും നിയമലംഘനം പൂർണ്ണമായി തടയാൻ കഴിയുന്നില്ലെന്നും ചെയർമാൻ അറിയിച്ചു കുന്നുകൾ നിരത്തുന്ന സ്ഥിതി വിശേഷവും നിലവിലുണ്ടെന്നും മാഹി കനാലിൽ നിന്ന് മണലെടുത്ത് വയൽ നികത്തിയിട്ടുണ്ടെന്നും, ഇക്കാര്യത്തിൽ വകുപ്പു തലത്തിൽ ശക്തമായ നടപടിയെടുക്കണമെന്നും സമിതി ആവശ്യപ്പെട്ടു പാരിസ്ഥിതിക പഠനം നടത്തിയ ശേഷം മാത്രമേ അനുമതി നൽകാവൂ എന്ന വ്യവസ്ഥ നിലനിൽക്കുന്നതിനാൽ വീട് നിർമ്മാണത്തിനായി പുരയിടത്തിൽ നിന്നും ഒരാൾ മണ്ണെടുത്ത് തൊട്ടടുത്തുള്ള തന്റെ സ്വന്തം പുരയിടത്തിലേക്ക് കൊണ്ടുപോകുമ്പോൾ പോലും ഫൈൻ ഈടാക്കുന്നത് ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നതായും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതിയില്ലെങ്കിൽ പോലീസ് ഇടപെടുന്ന അവസ്ഥയാണ് നിലവിലെന്നും കുറച്ച് ഭൂമിയുള്ളവരാണ് ഇത് മൂലം ഏറ്റവും കൂടുതൽ കഷ്ടപ്പെടുന്നതെന്നും വീടുവക്കുന്നതിനായി പ്രസ്തുത ഭൂമിയിൽ നിന്നുള്ള മണ്ണ് എവിടെ നിക്ഷേപിക്കുമെന്നതാണ് അവരുടെ പ്രശ്നമെന്നും ആകയാൽ വീട് വയ്ക്കുന്നതിന് വേണ്ടി ഒരുപുരയിടത്തിൽ അധികമുള്ള മണ്ണ് വയലൊഴികെ മറ്റ് ഭൂമിയിൽ ഇടുന്നതിനുള്ള അനുമതി നൽകേണ്ടത് അത്യാവശ്യമാണെന്നും ആയതിനാൽ നിലവിലുള്ള റൂൾ ഭേദഗതി ചെയ്യണമെന്നും സമിതി ശിപാർശ ചെയ്തു

3. 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (ഫ.നം.4874/സബ്സിബി1/11/നി.സെ)

11,14 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക 45 ലെ ശിപാർശയിന്മേൽ സമിതി ആരാഞ്ഞ അധിക വിവരത്തിനുള്ള മറുപടി സമിതി പരിഗണിക്കവേ കേരളത്തിൽ ദുരന്ത നിവാരണ പ്രവർത്തനത്തിനായി ആകെ എത്ര വയർലെസ് സെറ്റുകളുണ്ടെന്നും അവയിൽ പ്രവർത്തനക്ഷമമായവ എത്ര എണ്ണമെന്നും സമിതി ആരാഞ്ഞു. ആകെയുള്ള 379 വയർലെസ് സെറ്റുകളും പരസ്പരം ബന്ധപ്പെട്ടിരിക്കുകയാൽ എല്ലാം ഒന്നിച്ച് പ്രവർത്തിച്ചാലേ പ്രവർത്തനക്ഷമമായി എന്ന് പറയാൻ പറ്റുകയുള്ളുവെന്നും ചെറിയ പ്രശ്നമുള്ളത് കൊണ്ടായിരിക്കാം ചിലത് പ്രവർത്തിക്കാത്തത് എന്നും പോലീസ് വയർലെസ് കമ്മ്യൂണിക്കേഷൻസ് വിഭാഗവുമായി സഹകരിച്ച് ഇത് കറക്ട് ചെയ്യാനുള്ള നടപടി സ്വീകരിച്ചു വരികയാണെന്നും ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി ഉദ്യോഗസ്ഥർ മറുപടി നൽകി. രണ്ട് മൂന്ന് വർഷങ്ങൾക്ക മുമ്പ് ഇതിന്റെ സർവ്വീസുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കാൻ സമിതി നിർദ്ദേശം നൽകിയിരുന്നുവെന്നും ഇക്കാര്യത്തിൽ നിലവിലെ സ്ഥിതി എന്താണെന്നും സമിതി ആരാഞ്ഞു. സംസ്ഥാന വ്യാപകമായി വയർലെസ് സെറ്റുകൾ നന്നാക്കുന്നതിന് ചില റിപ്പീറ്റർ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അതിൽ പ്രധാനപ്പെട്ടത് ഇടുക്കിയിൽ ശംഖുമലയിലുള്ളതാണെന്നും അത് റിപ്പയർ ചെയ്യുന്നതിൽ പോലീസ് ടെലിക്കമ്മ്യൂണിക്കേഷൻ വിഭാഗം കഴിഞ്ഞ ആറ് മാസമായി വീഴ്ച വരുത്തുകയാണെന്നും എന്നാൽ ഇപ്പോൾ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്റ്റിന്റെ അധികാരം ഉപയോഗിച്ചുകൊണ്ട് എല്ലാ ജില്ലയിലേയും പോലീസ് ടെലികമ്മ്യൂണിക്കേഷൻസ് വിഭാഗങ്ങളോട് 24 മണിക്കൂറിനുള്ളിൽ നടപടിയെടുക്കുന്നതിനുള്ള നിർദ്ദേശം നൽകാൻ ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയതിന്റെ വെളിച്ചത്തിൽ ഇപ്പോൾ കുറച്ച്

പുരോഗതിയുണ്ടായിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വ്യക്തമാക്കി ഡിസാസ്റ്റർ മാനേജ്മെന്റിന്റെ എന്തെങ്കിലും സഹായം ഫയർ സർവ്വീസിനു കൊടുക്കുന്നുണ്ടോ എന്നും വരുന്ന സീസണിലുണ്ടാകുന്ന ദുരന്തങ്ങളെ എങ്ങനെ നേരിടുമെന്നും സമിതി ആരാഞ്ഞു.

2012 മുതൽ 2014 വരെയുള്ള കാലയളവിൽ 25 കോടി രൂപ ദുരന്ത നിവാരണ ഫണ്ടിൽ നിന്ന് ഫയർഫോഴ്സിന് നൽകിയിട്ടുണ്ടെന്നും വരുന്ന മൺസൂൺ കാലത്തേക്കുള്ള തയ്യാറെടുപ്പുകൾ വിശദമാക്കുന്ന 29 പേജുള്ള ഒരു ഒരു സർക്കുലർ ജില്ലാ കളക്ടർമാർക്കും എല്ലാ വകുപ്പുമേധാവികൾക്കും നൽകിയിട്ടുണ്ടെന്നും ദുരന്തങ്ങളെ നേരിടാനുള്ള കൃത്യമായ നിർദ്ദേശങ്ങളും വളരെ വിപുലമായ സ്റ്റാൻഡേർഡ് 'ഓപ്പറേറ്റിംഗ് പ്രൊസീഡറുകളും' നൽകിയിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വ്യക്തമാക്കി. ദുരന്തനിവാരണ ഫണ്ടിൽ നിന്നുള്ള 25 കോടി രൂപ ഫയർഫോഴ്സിന് കൊടുത്തുവെങ്കിലും പ്രസ്തുത തുക ദുരന്ത നിവാരണത്തിനു വേണ്ടിയല്ല ഫയർഫോഴ്സ് ഉപയോഗിച്ചതെന്നും ആയതിനാൽ ഹൈറൈസ്ഡ് ബിൽഡിംഗിൽ തീപിടുത്തമുണ്ടാകുമ്പോൾ അത് അണയ്ക്കുന്നതിനുള്ള ഒരു ഉപകരണം വാങ്ങി ഇത്തരം അപകടം ഉണ്ടാകാൻ സാധ്യത കൂടിയ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ യഥാസമയം വിനിയോഗിക്കാൻ കഴിയുന്ന തരത്തിൽ ജില്ലാ കളക്ടർമാരെ ഏൽപ്പിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. എന്നാൽ ഒരു ഉപകരണത്തിനു തന്നെ ഒമ്പതരക്കോടിയോളം രൂപ വിലയാകുന്ന പശ്ചാത്തലത്തിൽ ആയത് പ്രായോഗികമല്ലെന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആൻറ് ഡിസാസ്റ്റർ മാനേജ്മെന്റ് അസിസ്റ്റന്റ് പ്രൊഫസർ മറുപടി നൽകി.

ആദ്യത്തെ ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ഇക്കാര്യത്തെ കുറിച്ചാലോചിക്കാവുന്നതാണെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടു എന്നാൽ ഇത്തവണ പ്രത്യേക ഗ്രാന്റ് പോലും കേന്ദ്ര ഗവൺമെന്റ് തന്നിട്ടില്ലെന്നും അലോക്കേറ്റ് ചെയ്ത മുഴുവൻ തുകയും അണ്ടർ മൊബിലൈസ് ചെയ്യുന്നില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു

ഗ്രൗണ്ട് പെനട്രേറ്റിംഗ് റഡാറിനെപ്പറ്റിയുള്ള ചെയർമാന്റെ ചോദ്യത്തിന് ഭൂമികുലുക്കമുണ്ടാകുമ്പോൾ ഭൂമിക്കടിയിൽ ജീവനുള്ള ആരെങ്കിലും അകപ്പെട്ടു പോയിട്ടുണ്ടെങ്കിൽ അവരെ കണ്ടെത്തുന്നതിനുള്ള ഒരു ഉപകരണമാണ് ഇതെന്നും ഇതിന്റെ ഏറ്റവും ചുരുങ്ങിയ വില 1 കോടി 50 ലക്ഷം രൂപയാണെന്നും 3 മീറ്റർ പെനിട്രേഷൻ മാത്രമുള്ള ഉപകരണത്തിന്റെ യഥാർത്ഥ മെയിന്റനൻസ് കോസ്റ്റു തന്നെ 5 ലക്ഷം രൂപയ്ക്കും പുറത്തുവരുമെന്നും ഈ എക്വിപ്മെന്റ് വാങ്ങുന്നതിനേക്കാൾ കുറച്ചുകൂടി വിലകുറഞ്ഞ മറ്റ് ലൈഫ് സേവിംഗ് എക്വിപ്മെന്റ് വാങ്ങുന്നതായിരിക്കും നല്ലതെന്നും ദുരന്തനിവാരണ വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ അറിയിച്ചു.

4. 2012-13 - ലെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി ചേർന്ന യോഗം

(ഫ.നം.1509/സബ്സിബി1/2012/നി.സെ)

ക്ഷേത്രങ്ങൾക്ക് ചുറ്റും പൂജാപുഷ്പങ്ങൾ വച്ച് പിടിപ്പിക്കുവാൻ സൗകര്യമുള്ള മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളെ സംബന്ധിച്ച സമിതി നിർദ്ദേശപ്രകാരം റവന്യൂ വകുപ്പ് ലഭ്യമാക്കിയ ലിസ്റ്റ് സമിതി അംഗീകരിച്ചു

5. 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫ.നം. 3064/സബ്സിബി1/2012/നി.സെ)

3, 19 ഖണ്ഡികകളിന്മേലുള്ള സർക്കാർ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

6. 2013-14-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച യോഗങ്ങൾ

(ഫ.നം. 1136/സബ്സിബി 1/2013/നി.സെ)

സംസ്ഥാന വില്ലേജ് ആഫീസുകളിലെ ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക സംബന്ധിച്ചും മലബാർ ദേവസ്വം ബോർഡിനു കീഴിൽ

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷേത്രങ്ങളെ സംബന്ധിച്ചും സമിതി ആവശ്യപ്പെട്ട വിവരത്തിൻമേൽ ലഭിച്ച ഗവൺമെന്റ് റിപ്പോർട്ട് സമിതി അംഗീകരിച്ചു.

7. 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്:

(ഫ.നം. 3162/സബ്സിബി1/14/നി.സെ)

15 മുതൽ 20 വരെ ഖണ്ഡികകളിലെയും 22,23,24 എന്നീ ഖണ്ഡികകളിലേയും ശിപാർകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു.

8. വിഷയനിർണ്ണയ സമിതി XI ന്റെ 2014-15 - ലെ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ലീഗൽ മെട്രോളജിയുമായി ബന്ധപ്പെട്ട ശിപാർശകൾ

(ഫ.നം. 4309/സബ്സിബി I/14/നി.സെ)

7, 8 ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു

9. സമിതിയുടെ 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള കാലളവിലെ ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

10. 2014-15 വർഷത്തെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കവേ, മലബാർ ദേവസ്വം ബോർഡിന്റെ നിലവിലെ സ്ഥിതിയെപ്പറ്റി സമിതി ആരാഞ്ഞു ഇപ്പോൾ ബോർഡ് നിലവിലില്ലെന്നും പുതിയ ബോർഡ് രൂപീകരിക്കേണ്ടതുണ്ടെന്നും ഫണ്ടിൽ കുറവുണ്ടായിട്ടില്ലെന്നും കഴിഞ്ഞ തവണ 5 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങൾക്ക് 50% ദേവസ്വം ബോർഡും ബാക്കി ഗവൺമെന്റ് ഗ്രാന്റായുമാണ് നൽകിയിരുന്നതെന്നും ഇപ്പോൾ 5 ലക്ഷമെന്നത് 10 ലക്ഷമാക്കി ഉയർത്തിയിട്ടുണ്ടെന്നും ദേവസ്വം സെക്രട്ടറി മറുപടി നൽകി.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ കോലധാരികൾക്ക് ഇപ്പോൾ 900 രൂപ പെൻഷൻ കൊടുക്കുന്നുണ്ടെന്നും നിലവിൽ 1203 ആചാരസ്ഥാനികർക്കും 278 കോലധാരികൾക്കും പെൻഷൻ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടെന്നും ഇവരുടെ കാര്യത്തിൽ ഫണ്ടിന്റെ പ്രശ്നം മാത്രമേയുള്ളുവെന്നും സമിതിയുടെ ചോദ്യങ്ങൾക്ക് മറുപടിയായി ദേവസ്വം സെക്രട്ടറി മറുപടി നൽകി.

സമിതി മണ്ണാർക്കാട്, വടകര-ഓർക്കാട്ടേരി, പാടിനക്കര - കാസർഗോഡ് എന്നീ വില്ലേജോഫീസുകളുടെ കെട്ടിട നിർമ്മാണത്തെപ്പറ്റി ആരായുകയുണ്ടായി. ഈ സാമ്പത്തിക വർഷം 5 കോടി രൂപയാണ് വില്ലേജ് ഓഫീസിന്റെ നിർമ്മാണത്തിനും റസിഡൻഷ്യൽ ക്വാർട്ടേഴ്സിനും വേണ്ടി നീക്കിവച്ചിരിക്കുന്നത് എന്നും അത് പി.ഡബ്ല്യു.ഡി മുഖാന്തിരമാണ് പണി ചെയ്യുന്നതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു.

തുടർന്ന് സമിതി 2014-15 വർഷത്തെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് അംഗീകരിച്ചു.

സമിതി വൈകുന്നേരം 5.05-ന് യോഗം പിരിഞ്ഞു.

## 20-7-2015 ലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ യോഗം 2015 ജൂലൈ മാസം 20-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 4.20 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ V-ബി സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ പങ്കെടുത്തു. കൂടാതെ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി.

1. ശ്രീ. പി. ബി. അബ്ദുൾ റസാക്, എം.എൽ.എ.
2. ശ്രീ. ബാബു എം. പാലിശ്ശേരി, എം.എൽ.എ.
3. ശ്രീ. സി. കെ. നാണു, എം.എൽ.എ.
4. ശ്രീ. എ. പ്രദീപ് കുമാർ, എം. എൽ. എ.
5. ശ്രീ. പാലോട് രവി, എം.എൽ.എ.
6. ശ്രീ. സി. കെ. സദാശിവൻ, എം.എൽ.എ.
7. ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ.
8. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.
9. ശ്രീ. വി. എസ്. സുനിൽ കുമാർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. എസ്. തുളസീധരൻ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, റവന്യൂ & ദേവസ്വം ബോർഡ്
2. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീ. സി. പി. രാമരാജപ്രേമപ്രസാദ്, കമ്മീഷണർ, ട്രാവൻകൂർ ദേവസ്വം ബോർഡ്

4. ശ്രീമതി എസ്. കമാരിസുധ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്

5. ശ്രീ. രവികമാർ, കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്.

സമിതി 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടുകൂടി അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡം 2-ൽ, നിലവിലുള്ള '(ഡി)', '(ഇ)','(എഫ്)' എന്നീ ഇനങ്ങളെ യഥാക്രമം '(ഇ)', '(എഫ്)', '(ജി)' എന്നീ ഇനങ്ങളിലായി പുനരക്ഷരം ചെയ്യാനും അപ്രകാരം പുനരക്ഷരം ചെയ്ത '(ഇ)'ഇനത്തിനു മുമ്പായി, '(ഡി)' " ഹിന്ദു ഗോത്രവർഗ്ഗം" എന്നാൽ പട്ടിക ഗോത്ര വർഗ്ഗത്തിലെ ഹിന്ദു വിഭാഗത്തിൽപ്പെടുന്ന ആൾ എന്നർത്ഥമാകുന്നു" എന്ന് ചേർക്കുന്നതിനും നിർദ്ദേശിച്ചു.

ഖണ്ഡം 3 - ൽ

(1)(3)-ാം ഉപഖണ്ഡത്തിൽ, "മറ്റ് അംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗത്തിലോ ഉള്ള ആൾ ആയിരിക്കേണ്ടതുമാണ് "എന്ന വാക്കുകൾക്ക് പകരം "ബോർഡിലെ അംഗങ്ങളിൽ വനിതയ്ക്കും പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോ ഉള്ള ആൾക്കും പ്രാതിനിധ്യം ഉണ്ടായിരിക്കേണ്ടതാണ്" എന്ന് ഭേദഗതി വരുത്തണമെന്നുള്ള നിർദ്ദേശത്തിൽ സമിതി വിയോജിപ്പ് പ്രകടിപ്പിക്കുകയും രണ്ടുപേർ എന്നതിനു പകരം രണ്ടും ക്വാളിഫൈ ചെയ്യുന്ന ഒരാളുണ്ടെങ്കിൽ ഒരാൾ മതി എന്നു പറയുന്നത് അംഗീകരിക്കാനാവില്ലെന്നും വനിതയ്ക്ക് നൽകുന്ന സംവരണം വനിതയ്ക്കുള്ളതും പട്ടികജാതി/പട്ടികവർഗ്ഗത്തിന് കൊടുക്കുന്ന സംവരണം ആ വിഭാഗത്തിനുള്ളതു മാണെന്നും സമിതി അഭിപ്രായപ്പെടുകയും ചെയ്തു. കേരളത്തിലെ ദേവസ്വം ബോർഡുകളിൽ നിലവിലില്ലാത്ത രീതി റിക്രൂട്ട്മെന്റ് ബോർഡിൽ മാത്രം കൊണ്ടുവന്നതെങ്ങിനെയാണെന്നും പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാളും ഒരു വനിതയും വേണമെന്ന് മൂലനിയമത്തിൽ പറഞ്ഞിട്ടുണ്ടെന്നും, നിയമപരമായപ്രാതിനിധ്യം എടുത്തു കളയാൻ പാടില്ലെന്നും നിലവിലുള്ള ഓർഡിനൻസിന് വിരുദ്ധമായി പട്ടികജാതി വിഭാഗത്തിലുള്ള ഒരു വനിതയെ ഉൾപ്പെടുത്തി വനിതാ പ്രാതിനിധ്യം ഒഴിവാക്കുന്നതിനോട് യോജിക്കാനാവില്ലെന്നും സമിതി വ്യക്തമാക്കി.

വനിതാ സംവരണവും പട്ടികജാതി/പട്ടികവർഗ്ഗ സംവരണവും നിലനിർത്തുന്നതിനായി ബോർഡിലെ അംഗങ്ങളുടെ എണ്ണം അഞ്ചിൽ നിന്നും ആറ് ആയി ഉയർത്താമെന്നും അതിൻപ്രകാരം 3-ാം ഖണ്ഡത്തിൽ അഞ്ച് എന്ന വാക്കിനു പകരം ആറ് എന്ന വാക്ക് ചേർത്ത് ഭേദഗതി വരുത്താവുന്നതാണെന്നും നിയമവകുപ്പ് സെക്രട്ടറി അറിയിച്ചു.

നിലവിലുള്ള നിയമപ്രകാരം ബോർഡിൽ അംഗങ്ങളാകാൻ കഴിയുന്ന അഞ്ചുപേരിൽ ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ആളും ഒരാൾ വനിതയും ബാക്കി മൂന്നുപേർ ജനറൽ വിഭാഗത്തിൽപ്പെട്ടവരായിരിക്കണമെന്നും ഇത്തരത്തിൽ അഞ്ചു പേരെ നിയമിക്കുവാനുള്ള വ്യവസ്ഥയാണ് ഓർഡിനൻസിൽ ഉള്ളതെന്നും ഇതിനെ മറികടക്കാൻ ശ്രമിക്കുന്നത് ശരിയായ നടപടിയല്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

തുടർന്ന് നടന്ന ചർച്ചയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ഒരാളും വനിതാ വിഭാഗത്തിൽ നിന്നും ഒരാളും ഉൾപ്പെടെ ബോർഡ് അംഗങ്ങളുടെ എണ്ണം 6 ആക്കുന്നതിനും ഇതിന് മുൻകാലപ്രാബല്യം നൽകുന്നതിനും അത് പ്രകാരം (3)-ാം ഉപഖണ്ഡത്തിൽ 'അഞ്ച്', എന്ന വാക്കിനു പകരം 'ആറ്'എന്ന വാക്ക് ചേർക്കുന്നതിനും സമിതി നിർദ്ദേശിച്ചു.

<u>5-ാം ഉപഖണ്ഡത്തിൽ</u> "ആയിരിക്കേണ്ടതാണ്"എന്ന വാക്കിന് പകരം 'ആയിരിക്കുന്നതാണ്'എന്ന വാക്ക് ചേർക്കാൻ തീരുമാനിച്ചു.

ഖണ്ഡം 6ൽ (2)-ാം ഉപഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കാൻ നിർദ്ദേശിച്ചു.

(3) " സർക്കാരിന് ബോർഡ് രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുമ്പോൾ ആദ്യം ഡെപ്യൂട്ടേഷൻ മുഖാന്തിരം ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും നിയമനം നടത്താവുന്നതാണ്."

(4) "ബോർഡിന് റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നേരിട്ടോ ഡെപ്യൂട്ടേഷൻ മുഖാന്തിരമോ അതിലെ ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും നിയമനം നടത്താവുന്നതാണ്."

(ii) നിലവിലെ (3)-ാം ഉപഖണ്ഡം (5)-ാം ഉപഖണ്ഡമായി പുനരക്കം ചെയ്യുന്നതിനും അപ്രകാരം പുനരക്കം ചെയ്ത (5)-ാം ഉപഖണ്ഡത്തിലെ "നിബന്ധനകളും വ്യവസ്ഥകളും" എന്ന വാക്കുകൾക്കുശേഷം "റെഗുലേഷനുകളാൽ" എന്ന വാക്ക് ചേർക്കുന്നതിനും നിർദ്ദേശിച്ചു

(iii) നിലവിലെ (4)-ാം ഉപഖണ്ഡം നീക്കം ചെയ്യുവാനും (5)-ാം ഉപഖണ്ഡം (6)-ാം ഉപഖണ്ഡമായി പുനരക്കം ചെയ്യുവാനും തീരുമാനിച്ചു

<u>ഖണ്ഡം 8 -ലെ</u>

(i) (4)-ാം ഉപഖണ്ഡത്തിൽ "മൂന്ന് " എന്ന വാക്കിനു പകരം "നാല് " എന്ന വാക്ക് ചേർക്കുവാൻ നിർദ്ദേശിച്ചു

(ii) (4)-ാം ഉപഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം (5)-ാം ഉപഖണ്ഡമായി ചേർക്കുവാൻ തീരുമാനിച്ചു

"(5) ബോർഡിന്റെ ഒരു യോഗത്തിനു മുമ്പാകെ വരുന്ന ഏതൊരു സംഗതിയും യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും തുല്യവോട്ടുകളുടെ സംഗതിയിൽ യോഗത്തിൽ അദ്ധ്യക്ഷം വഹിക്കുന്ന ചെയർപേഴ്സന് അല്ലെങ്കിൽ അംഗത്തിന് ഒരു കാസ്റ്റിംഗ് വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാണ്."

(iii) (5)-ാം ഉപഖണ്ഡം (6)-ാം ഉപഖണ്ഡം എന്ന് പുനരക്കം ചെയ്യുവാൻ തീരുമാനിച്ചു

<u>ഖണ്ഡം 9-ലെ</u>

(i) (1) -ാം ഉപഖണ്ഡത്തിലെ (ii) -ാം ഇനത്തിൽ "ഉദ്യോഗാർത്ഥികളുടെ എഴുത്തു പരീക്ഷയും ഇന്റർവ്യൂ നടത്തുകയും സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യുക" എന്നീ വാക്കുകൾക്ക് പകരം "ഉദ്യോഗാർത്ഥികളുടെ എഴുത്തു പരീക്ഷ അല്ലെങ്കിൽ ഇന്റർവ്യൂ അല്ലെങ്കിൽ എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തുകയും സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യുക' എന്നീ വാക്കുകൾ ചേർക്കുവാൻ നിർദ്ദേശിച്ചു

(ii) (3)-ാം ഉപഖണ്ഡത്തിൽ (i) ാം ഇനത്തിൽ " നടത്തേണ്ടതും ആവശ്യമെങ്കിൽ ഇന്റർവ്യൂ" എന്നീ വാക്കുകൾക്കു പകരം " അല്ലെങ്കിൽ ഇന്റർവ്യൂ അല്ലെങ്കിൽ എഴുത്തുപരീക്ഷയും ഇന്റർവ്യൂവും " എന്നീ വാക്കുകൾ ചേർക്കുവാൻ തീരുമാനിച്ചു

(iii) (6)-ാം ഉപഖണ്ഡത്തിൽ "ദേവസ്വം ബോർഡിന് " എന്നതിനു പകരം " ദേവസ്വം ബോർഡിനും അഡ്വൈസ് ഉദ്യോഗാർത്ഥികൾക്കും" എന്നീ വാക്കുകൾ ചേർക്കുവാൻ തീരുമാനിച്ചു

<u>17-ാം ഖണ്ഡത്തിൽ,</u> " നടത്തിപ്പിന് ആവശ്യമായ റെഗുലേഷനുകൾ പുറപ്പെടുവിക്കാവുന്നതാണ്" എന്നീ വാക്കുകൾക്കു പകരം " നടത്തിപ്പിനും ബോർഡിലെ ജീവനക്കാർക്ക് നൽകേണ്ടതായ ശമ്പളം, ബത്തകൾ, സേവനം സംബന്ധിച്ച മറ്റ് നിബന്ധനകൾ, വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് ആവശ്യമായ റെഗുലേഷനുകൾ പുറപ്പെടുവിക്കാവുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുവാൻ നിർദ്ദേശിച്ചു

<u>ഖണ്ഡം 18-ൽ</u> (2)ഉപഖണ്ഡത്തിലെ, ഇനം "(എഫ്)" ഇനം "(ജി)" ആയി പുനരക്ഷരം ചെയ്യുവാനും ഇനം "(എഫ്)" ആയി താഴെപ്പറയുന്ന ഇനം ചേർക്കുവാനും നിർദ്ദേശിച്ചു

" (എഫ്) ദേവസ്വം ബോർഡിലെ വിവിധ തസ്തികകളിലേയ്ക്ക് സെലക്ട് ലിസ്റ്റ് തയ്യാറാക്കുമ്പോൾ പാലിക്കേണ്ട സംവരണം സംബന്ധിച്ച്;"

<u>ഖണ്ഡം 19-ൽ</u>

19-ാം ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുവാൻ നിർദ്ദേശിച്ചു

" 19. സാധൂകരണം - 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസിന് (2015-ലെ 5)(ഇതിനു ശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) പ്രാബല്യമില്ലാതായിത്തീർന്നിരുന്നാൽ തന്നെയും-

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതും;

(ബി) പ്രസ്തുത ഓർഡിനൻസ് പ്രാബല്യമല്ലാതായിത്തീർന്നതിനു ശേഷവും ഈ ആക്ട് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതിയ്ക്കു മുൻപും പ്രസ്തുത ഓർഡിനൻസ് പ്രകാരം രൂപീകരിക്കപ്പെട്ട ബോർഡോ മറ്റേതെങ്കിലും അധികാരസ്ഥാനമോ ചെയ്ത ഏതൊരു കാര്യവും എടുത്ത ഏതൊരു നടപടിയും അവ പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്യുകയോ എടുക്കുകയോ ചെയ്യുമായിരുന്ന എന്നതുപോലെ, ഈ ആക്ട് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്. "

മറ്റു ഭേദഗതികൾ ഘടനാപരമോ ആനുഷംഗികമോ ആയിട്ടുള്ളവയാണ് എന്നും സമിതി അറിയിച്ചു

ശ്രീ. ബാബു. എം. പാറിശ്ശേരി, ശ്രീ. എ. പ്രദീപ്കുമാർ, ശ്രീ. സി. കെ. സദാശിവൻ, ശ്രീ. വി. എസ്. സുനിൽകുമാർ, ശ്രീ. സി. കെ. നാണു എന്നീ അംഗങ്ങൾ ഭേദഗതികളിൽ വിയോജിപ്പ് രേഖപ്പെടുത്തി.

സമിതി വൈകുന്നേരം 5.45-ന് യോഗം പിരിഞ്ഞു.

## 22-7-2015-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V എന്നിവ 2015 ജൂലൈ 22-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 1.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷൻ ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ അദ്ധ്യക്ഷതയിൽ സംയുക്ത യോഗം ചേർന്നു. മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V ന്റെ ചെയർമാൻ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, സബ്ജക്ട് കമ്മിറ്റി VIII, V എന്നിവയിലെ എക്സ് ഒഫീഷ്യോ അംഗം തദ്ദേശസ്വയംഭരണവും ഇറിഗേഷനും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു, സബ്ജക്ട് കമ്മിറ്റി V-ലെ എക്സ് ഒഫീഷ്യോ അംഗം വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നിവരും, താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ ഹാജരായിരുന്നു.

സബ്ജക്ട് കമ്മിറ്റി VIII

1. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം. എൽ. എ.
2. ശ്രീ. പി. ഉബൈദുള്ള, എം. എൽ. എ.
3. ശ്രീ. എം. പി. വിൻസെന്റ്, എം. എൽ. എ.

സബ്ജക്ട് കമ്മിറ്റി V

ശ്രീ. സി. പി. മുഹമ്മദ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി.

സബ്ജക്ട്കമ്മിറ്റി VIII

2. ശ്രീ. ആർ. മോഹൻദാസ്, അണ്ടർ സെക്രട്ടറി, സബ്ജക്ട് കമ്മിറ്റി II
3. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി, സബ്ജക്ട് കമ്മിറ്റി V
4. ശ്രീമതി എൽ. ജ്യോതി, അണ്ടർ സെക്രട്ടറി, സബ്ജക്ട് കമ്മിറ്റി VIII.

ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. ഡബ്ല്യു. ആർ. റെഡ്ഡി, പ്രിൻസിപ്പൽ സെക്രട്ടറി, നികുതി വകുപ്പ്
2. ശ്രീമതി എസ്. കുമാരി സുധ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി ശോഭന എൻ.ഡി, അഡീഷണൽ ലാ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീമതി കെ. എ. ശ്രീലത , ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീമതി സാധന. എസ്. നായർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ. പി.എ. സൈനുദ്ദീൻ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ

7. ശ്രീ. പി. കെ. സജൻ കുമാർ, ജോയിന്റ് ഐ.ജി ഓഫ് രജിസ്ട്രേഷൻ

8. ശ്രീ. വി. എം. ഉണ്ണി, ഡി.ഐ.ജി. ഓഫ് രജിസ്ട്രേഷൻ (ലൈസൻസിംഗ്)

9. ശ്രീ. വി. ജെ. ഗോപകുമാർ, ഡെപ്യൂട്ടി കമ്മീഷണർ (ജനറൽ).

I. സമിതി 2015-ലെ കേരള ധനകാര്യബിൽ, 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

ബീഡി വ്യവസായം തകർച്ചയെ നേരിടുന്നതുമൂലം ഈ മേഖലയിൽ ഉപജീവനമാർഗ്ഗം കണ്ടെത്തിയിരുന്ന ബീഡിത്തൊഴിലാളികളുടെ ജീവിതം പ്രതിസന്ധിയിലായതിനാൽ ബീഡി വ്യവസായ മേഖലയ്ക്ക് നികുതി ഇളവ് നൽകുന്നതിന് നടപടിയുണ്ടാകണമെന്നും ഖാദി ഉല്പന്നങ്ങൾക്ക് നികുതി ഈടാക്കുന്ന നടപടി ശരിയല്ലെന്നും, സമിതി അഭിപ്രായപ്പെട്ടു. എന്നാൽ WHO-യുടെ ആഹ്വാനപ്രകാരം പുകവലി കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ നികുതി ഇളവ് നൽകുന്നത് ആശാസ്യമല്ലെന്നും സാമ്പത്തികമായ പിന്തുണ നൽകിക്കൊണ്ട് അവരെ സംരക്ഷിക്കുന്നതായിരിക്കും ഉചിതമെന്നും ഖാദി എന്ന പേരിൽ മറ്റു സാധനങ്ങളും വിറ്റഴിച്ച് നികുതി ഇളവ് നേടുന്ന പ്രവണതയുണ്ടെന്നും അതിനാൽ അർഹതപ്പെട്ടവർക്കു മാത്രം ആനുകൂല്യം ലഭിക്കുന്ന തരത്തിലുള്ള വ്യവസ്ഥ നിയമത്തിൽ കൊണ്ടുവരേണ്ടതുണ്ടെന്നും നികുതിവകുപ്പ് സെക്രട്ടറി അറിയിച്ചു. ബീഡി, ഖാദി വ്യവസായ മേഖലകളിൽ അർഹതപ്പെട്ടവർക്ക് മാത്രം ആനുകൂല്യം ലഭിക്കത്തക്കവിധത്തിൽ നികുതി റീഫണ്ട് ചെയ്യുന്നതിനുള്ള വ്യവസ്ഥയുണ്ടാക്കുന്നതിന് വ്യവസായ വകുപ്പുമായി ആലോചിച്ച് ഒരു നിർദ്ദേശം തയ്യാറാക്കണമെന്ന് സമിതി നികുതി വകുപ്പിനോട് നിർദ്ദേശിച്ചു.

2015-ലെ കേരള ധനകാര്യബില്ലിലെ 1, 2, 4, 9 എന്നീ ഖണ്ഡങ്ങളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഭേദഗതികൾ അവതരിപ്പിക്കുകയും ഭേദഗതി കൊണ്ടുവരാനിടയായ സാഹചര്യം വിശദീകരിക്കുകയും ചെയ്തു. അപ്രകാരം അവതരിപ്പിക്കപ്പെട്ട ഔദ്യോഗികഭേദഗതികൾ ചർച്ച ചെയ്ത ശേഷം സമിതി പ്രസ്തുത ഭേദഗതികളോടെ2015-ലെ കേരള ധനകാര്യബിൽ അംഗീകരിക്കുകയുണ്ടായി.

Clause I

For clause I, the following shall be substituted, namely:-

"1. Short title and commencement – (1) This Act may be called the Kerala Finance Act, 2015.

(2) Save as otherwise provided in this Act:-

(i) clause (b) of sub-section (2), sub-clauses (vii) and (xiii) of clause (a) of sub-section(19) and sub-clause (i) of clauses (d)of sub-section (19)of section 9 shall be deemed to have come into force on the 1st day of April, 2005.

(ii) sub-clause (iv) of clause (c) of sub-section (19) of section 9 shall be deemed to have come into force on the 19th day of July,2011.

(iii) clause (a) of sub-section (2) of section 4, item (c) of sub-clause (v)of clause (a) and entry 7A of sub-clause (ii) of clause (b) of sub-clause (19) of section 9 shall come into force at once.

(iv) the remaining provisions of this Act shall be deemed to have come into force on the 1st day of April 2015."

Clause 2

For section 31A of the Travancore- Cochin Literary, Scientific and Charitable Societies Registration Act, 1955 (XII of 1955) proposed to be inserted by clause 2 of the Bill, the following section shall be substituted, namely:-

" 31 A. One time settlement of arrears of fees due under the Act - Any delay in filing of returns, forms, annual statements, accounts and other statements of a society may be condoned and the filing of the said documents may be regularised on payment of a fine of five hundred rupees in respect of each year of delay in filing any or all of the same. Application for regularisation shall be filed on or before 31st December, 2015. However the Government may extend the period of filing the application to such further period as may be specified from time to time."

Clause 4

(1) In the entry in column (3) in clause (g), in serial number 5 of the Schedule to the Kerala Stamp Act, 1959 (17 of 1959) proposed to be inserted by item (b) of sub-clause (1) of clause 4 of the Bill for the words " Five hundred rupees" the words " Two hundred rupees" shall be substituted.

(2) for sub-clause (2) of clause 4 the following sub-clause shall be substituted, namely:-

in serial number 24,

(a) in clause (i), in column (2), for the words, " One hundred rupees" the words " Five hundred rupees" shall be substituted ;

(b) in clause (ii), in column (3), for the words, " One hundred rupees" the words " Five hundred rupees" shall be substituted.

Clause 9

(1) For the eleventh proviso to sub-section (1) of section 6 of the Kerala Value Added Tax Act, 2003 (30 of 2004), proposed to be inserted by sub-item (iii) of item (a) of sub-clause (2) of clause 9 of the Bill, the following proviso shall be substituted namely:-

" Provided also that the turnover relating to the sale of Natural Gas in any form shall be exempted from tax, for the period from 4th February, 2015 to 31st March, 2016.

(2) For the proviso inserted by item (b) of sub-clause (4) of clause 9 of the Bill, the following proviso shall be substituted, namely:-

" Provided that notwithstanding anything contained in this Act or rules made thereunder, a dealer may opt to pay tax under this sub-clause, subject to eligibility, for the periods prior to 2015-16, whether such dealer has registered under this Act or not."

(3) in sub-clause (4) of clause 9, after item (b), the following item shall be inserted:

" (c) after clause (h), the following clause shall be inserted namely:

(I) any dealer who is a multi-level marketing entity may, at his option, pay, in such manner and subject to such conditions and restrictions as may be prescribed, in lieu of the tax payable by him on such goods under sub-section (1) of section 6, the tax at the schedule rate applicable to goods, of the maximum retail price of such goods:

Provided that the provision of this clause shall not apply to such goods sold by multi-level marketing entities otherwise than by way of multi-level marketing;

Provided further that notwithstanding anything contained in section 6 and Section 15, if multi-level marketing entities pay tax on maximum retail price under this provision, subsequent dealers in the chain shall not be liable to take registration and shall be exempted from payment of tax on such goods."

(4) in sub-clause (19),-

(I) for sub-item (v) of item (a) the following shall be substituted, namely:-

" (v) in serial number 18,-

(a) item (4) and the entries against it in columns (2) and (3) shall be omitted;

(b) for item (5) and entries against it in columns (2) and (3), the following item and entries shall, respectively, be substituted, namely:-

" (5). Nylon ropes, polyester ropes, polyester twines, other plastic ropes and twines sold by Matsyafed, Theeramythri Units approved by Government and Fisherme Co-Operative Societies.

(c) item (6) and the entries against it in columns (2) and (3) shall be omitted;"

(ii) in sub-item (I) of item (b) before the word " bullion" the words " or gold" shall be inserted and for the words " within the State" , the words " by those agencies and its subsequent sale by dealers within the State" . shall be substituted.

(iii)(a) in item (b), the serial numbers proposed to be inserted by sub-item (ii) shall be renumbered as 8, 9, 10, 11 and 12 and before the serial numbers so renumbered , the following serial numbers and entries against it in columns (2) and (3) shall be inserted, namely:

" 7A. Embroidery or Zari articles, that is to say, imi, Zari, kasab, Saima, dabka, chumki, gota, sitara, naqsi, kora, glass bead, badial

| | |
|---|---|
| (1) Embroidery without visible ground | 5810.10.00 |
| (2) Other embroidery of cotton | 5810.91.00 |
| (3) Embroidery or man-made fibres | |
| (a) Embroidered badges motifs and the like | 5810.92.10 |
| (b) other embroidered articles | 5810.92.90 |
| (4) Embroidery of other textile materials | 5810.99.00 |
| (5) Zari article | |

(b) for sub-item (v) the following shall be substituted:-

" (v) after serial number 99 and the entries against it in columns (2) and (3), the following serial number and entries shall, respectively, be inserted, namely:-

" 99A. Polyester rope, Polyster twine and other plastic ropes and twines not included in the First Schedule.

II 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിൽ താഴെപ്പറയുന്ന ഭേദഗതികളോടെ സമിതി അംഗീകരിച്ചു.

<u>ഖണ്ഡം I</u>

1-ാം ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക:

" 1. <u>ചുരുക്കപ്പേരും പ്രാരംഭവും.</u>- (1) ഈ ആക്റ്റിന് 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2015 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്."

ഖണ്ഡം 2

2-ാം ഖണ്ഡത്തിലെ 3 എയ്ക്ക് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക:

"3 എ. ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപുള്ള നെൽവയലിന്റെ പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ ക്രമവൽക്കരിക്കുന്നതിനുള്ള അധികാരം- ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും ആക്റ്റിലോ ചട്ടങ്ങളിലോ ഉത്തരവുകളിലോ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ മറ്റ് അധികാര സ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപ് ഏതെങ്കിലും നെൽവയലിന്റെ ഉടമസ്ഥനോ ആദിവാസിയോ കൈവശക്കാരനോ അന്ന് നിലവിലുണ്ടായിരുന്ന മറ്റേതെങ്കിലും ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായല്ലാതെ, പ്രസ്തുത നെൽവയൽ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുള്ളിടത്ത്, കളക്ടർക്ക്, പ്രസ്തുത ഭൂമിയുടെ 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിന്റെ (1959-ലെ 17) 28 എ വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ന്യായവിലയുടെയോ പ്രസ്തുത ഭൂമിയുടെ ന്യായവില പ്രസിദ്ധപ്പെടുത്തിയിട്ടില്ലെങ്കിൽ സമീപപ്രദേശങ്ങളിലെ സമാനസ്വഭാവമുള്ള ഭൂമിയുടെ, ന്യായവിലയുടെയോ, 25 ശതമാനത്തിന് തുല്യമായ തുക ഫീസായി ഈടാക്കിക്കൊണ്ട് അങ്ങനെയുള്ള രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ക്രമവൽക്കരിക്കാവുന്നതാണ്."

സമിതി ഉച്ചയ്ക്ക് ശേഷം 1.30-ന് യോഗം പിരിഞ്ഞു.

## 5-8-2015-ലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ യോഗം 2015 ആഗസ്റ്റ് മാസം 5-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 2.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ 5-ഡി സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി.

1. ശ്രീ. പി. ബി. അബ്ദുൾ റസ്സാക്, എം.എൽ.എ.
2. ശ്രീ. സി. കെ. നാണു, എം.എൽ.എ.
3. ശ്രീ. എ. പ്രദീപ്കുമാർ, എം.എൽ.എ.
4. ശ്രീ. പാലോട് രവി, എം.എൽ.എ.
5. ശ്രീ. വി. എസ്. സുനിൽ കുമാർ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. എസ്. തുളസീധരൻ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. ബിശ്വാസ് മേത്ത, പ്രിൻസിപ്പൽ സെക്രട്ടറി
2. ശ്രീ. ഇ. ദേവദാസൻ, സെക്രട്ടറി, ലാന്റ് ബോർഡ്
3. ശ്രീ. എം. സി. മോഹൻദാസ്, കമ്മീഷണർ, ലാന്റ് റവന്യൂ
4. ശ്രീമതി കുമാരി സുധ,സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
5. ശ്രീമതി പി. എ. രാജേശ്വരി, അസിസ്റ്റന്റ് സെക്രട്ടറി, ലാന്റ് ബോർഡ്.

സമിതി, സർക്കാരിൽ നിന്നും ലഭിച്ച കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയും പ്രകാരം ചർച്ച നടത്തുകയും ചെയ്തു.

<u>I ചട്ടങ്ങളുടെ പരിശോധന</u>

(1) ദി കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) അമെന്റ്മെന്റ് റൂൾസ്, 2014

(ഫ.നം. 3819/സബ്സിഡി1/12/നി.സെ)

ദി കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) അമെന്റ്മെന്റ് റൂൾ കൊണ്ടുദ്ദേശിക്കുന്ന Rule 1, Rule 2(a), Rule 2(b) എന്നിവയിലെ ഭേദഗതികളിൽ റൂൾ 2 (a) പ്രകാരം ഉദ്ദേശിക്കുന്ന ഭേദഗതി മുൻപ് വരുത്തിയിട്ടുള്ളതാണെന്നും അത് ഇപ്പോഴും നിലനിൽക്കുന്ന സാഹചര്യത്തിൽ വീണ്ടും അത് അമെന്റ് ചെയ്യേണ്ട ആവശ്യമുണ്ടോ എന്ന് സമിതി ആരാഞ്ഞു.

ഡെപ്യൂട്ടി കളക്ടർ, ഡെപ്യൂട്ടി കളക്ടർ ഹയർ ഗ്രേഡ് എന്നീ തസ്തികകൾ പ്രത്യേകമായാണ് നിലവിലുള്ള ചട്ടത്തിൽ കാണിച്ചിരിക്കുന്നതെന്നും യഥാർത്ഥത്തിൽ ഇത് വ്യത്യസ്ത കേഡറുകൾ അല്ലെന്നും, 1980-ലെ റൂളിൽ അത് പ്രൊമോഷൻ പോസ്റ്റ് ആയി കാണിച്ചിരിക്കുന്നതു കൊണ്ടാണ് ഇന്നത്തെ പ്രശ്നങ്ങൾക്ക് കാരണമെന്നും ഡെപ്യൂട്ടി കളക്ടർമാരിലെ 25% പേർക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഹയർഗ്രേഡ് കിട്ടുമെന്നും നിലവിലെ സാഹചര്യത്തിൽ നേരിട്ട് നിയമനം ലഭിച്ച് ഹയർഗ്രേഡ് ലഭിച്ചിട്ടുള്ളവർ റിട്ടയറായി കഴിഞ്ഞാൽ മാത്രമേ ഡയറക്ട് റിക്രൂട്ട്മെന്റിലുള്ള ഡെപ്യൂട്ടി കളക്ടർമാർക്ക് ഹയർഗ്രേഡ് ലഭിക്കുകയുള്ളുവെന്നും അതുകൊണ്ടാണ് മേല്പറഞ്ഞ മൂന്ന് ഭേദഗതികൾ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

നേരിട്ടുള്ള നിയമനത്തിനും പ്രൊമോഷൻ വഴിയുള്ള നിയമനത്തിനുമുള്ള റേഷ്യോ നിശ്ചയിക്കുന്നതിനായി ഡെപ്യൂട്ടി കളക്ടർ തസ്തികയും ഡെപ്യൂട്ടി കളക്ടർ ഹയർഗ്രേഡും ഒരു ബ്ലോക്കായി കണക്കാക്കുന്നതിനുള്ള കാരണം എന്താണെന്ന സമിതിയുടെ ചോദ്യത്തിന് നേരിട്ടുള്ള നിയമനം 20%നു മുകളിൽ പോകാതിരിക്കാനാണ് അങ്ങനെ ചെയ്യുന്നതെന്ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ

സെക്രട്ടറി മറുപടി നൽകി. താൽക്കാലിക ഒഴിവുകൂടി ഹയർഗ്രേഡിനു പരിഗണിക്കുന്ന രീതി മാറ്റുന്ന കാര്യം ആലോചിക്കാവുന്നതാണെന്ന് ഇതു സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മറുപടി പറഞ്ഞു.

പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നയുടൻ നേരിട്ടുള്ള നിയമനത്തെ പ്രതികൂലമായി ബാധിക്കുന്ന വിധത്തിൽ, എന്നാൽ ഡിപ്പാർട്ടുമെന്റിലെ നിലവിലുള്ള ജീവനക്കാർക്ക് അനുകൂലമാകുന്ന തരത്തിൽ ചട്ടത്തിൽ ഭേദഗതി വരുത്തി ഉദ്യോഗാർത്ഥികളെ ദ്രോഹിക്കുന്ന നിലപാടാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നതെന്നും, അമെന്റ്മെന്റ് മുന്നിൽ കണ്ട് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ നിയമം അട്ടിമറിക്കുന്നത് അംഗീകരിക്കാനാവില്ലെന്നും , നിലവിലുള്ള ചട്ടപ്രകാരം ഇപ്പോൾ നിലനിൽക്കുന്ന മുഴുവൻ ഒഴിവുകളും അടിയന്തരമായി റിപ്പോർട്ട് ചെയ്യണമെന്നും സമിതിയിൽ അഭിപ്രായമുണ്ടായി.

ജീവനക്കാരുടെ പ്രൊമോഷനുകൾ തടസ്സപ്പെടാത്ത തരത്തിൽ ഏതെങ്കിലും ഭേദഗതി നിർദ്ദേശിക്കാൻ ഉണ്ടെങ്കിൽ അതും കൂടി ഉൾപ്പെടുത്തി ഈ വിഷയത്തിൽ ശാശ്വതമായ ഒരു തീരുമാനം ഉണ്ടാകണമെന്ന് സമിതി അഭിപ്രായപ്പെട്ടു. ട്രിബ്യൂണൽ വിധി വരുന്നതുവരെ കോടതി വിധി അനുസരിച്ച് ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിന് സമിതി നിർദ്ദേശിക്കുകയും ട്രിബ്യൂണൽ വിധി വന്നശേഷം ആയതിന്റെ അടിസ്ഥാനത്തിൽ ചട്ടത്തിൽ ഭേദഗതി വരുത്തി തുടർനടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

2) ദി കേരള ലാന്റ് റിഫോംസ് (അഗ്രികൾച്ചറിസ്റ്റ് റിഹാബിലിറ്റേഷൻ ഫണ്ട്) അമെന്റ്മെന്റ് റൂൾസ്,2014.

(ഫ.നം. 6398/സബ്സിബി1/2014/നി.സെ)

ചട്ടത്തിന്റെ പേരിലെ '2014' എന്നുള്ളത് "2015" എന്നാക്കാൻ തീരുമാനിച്ചു.

ചട്ടം 2 ലെ 1-ാം ഉപചട്ടത്തിൽ 'ചട്ടം 4 – ൽ' എന്നുള്ളത് '4-ാം ചട്ടത്തിൽ എന്നും'

i, ii എന്നീ പിരിവുകൾ (I), (II) എന്നും 2-ാം ഉപചട്ടത്തിൽ ചട്ടം 6-ൽ' എന്നുള്ളത് '6- ാം ചട്ടത്തിൽ എന്നും

i, ii എന്നീ പിരിവുകൾ (I), (II) എന്നും 3-ാം ഉപചട്ടത്തിൽ 'ചട്ടം 11' എന്നുള്ളത് '11-ാം ചട്ടത്തിൽ' എന്നും ഭേദഗതിവരുത്തുന്നതിനും വിശദീകരണക്കുറിപ്പിലെ ഉപചട്ടങ്ങൾ ബ്രാക്കറ്റു ചെയ്യുന്നതിനും തീരുമാനിച്ചു

3) ദി കേരള ലാന്റ് റിഫോംസ് (കുടികിടപ്പുകാർ ബനഫിറ്റ് ഫണ്ട്) അമെന്റ്മെന്റ് റൂൾസ്, 2014.

(ഫ.നം. 6399/സബ്സിബി1/2014/നി.സെ)

ചട്ടത്തിന്റെ പേരിലെ '2014' എന്നുള്ളത് '2015' എന്നാക്കാൻ തീരുമാനിച്ചു

2-ാം ചട്ടത്തിലെ 1-ാം ഉപചട്ടത്തിൽ 'ചട്ടം 4-ൽ' എന്നുള്ളത് '4-ാം ചട്ടത്തിൽ' എന്നും

i,ii എന്നീ പിരിവുകൾ (I), (II) എന്നും

3-ാം ഉപചട്ടത്തിൽ 'ചട്ടം 6-ൽ' എന്നുള്ളത് '6-ാം ചട്ടത്തിൽ' എന്നും

4-ാം ഉപചട്ടത്തിൽ 'ചട്ടം 9- ൽ ' എന്നുള്ളത് '9-ാം ചട്ടത്തിൽ' എന്നും ഭേദഗതി ചെയ്യുന്നതിനും വിശദീകരണക്കുറിപ്പിലെ ചട്ടങ്ങളിൽ ബ്രാക്കറ്റ് ഒഴിവാക്കുന്നതിനും തീരുമാനിച്ചു

4) ദി കേരള ലാന്റ് അസൈന്റ്മെന്റ് (അമെന്റ്മെന്റ്) റൂൾസ്, 2014.

(ഫ.നം. 133/സബ്സിബി 1/15/നി.സെ)

ചട്ടത്തിന്റെ പേരിലെ '2014' എന്നത് '2015' എന്ന് ഭേദഗതി ചെയ്യാൻ തീരുമാനിച്ചു.

5) ദി കേരള ലാൻറ് അസൈൻമെന്റ് (അമെന്റ്മെന്റ്) റൂൾസ്, 2015.

(ഫ.നം. 1202/സബ്സിബി1/15/നി.സെ)

2-ാം ചട്ടത്തിലെ 1-ാം ഉപചട്ടത്തിൽ 'ചട്ടം(9) – ൽ എന്നതിനു പകരം ചട്ടങ്ങളിലെ ചട്ടം 9-ൽ എന്നും , 2-ാം ഉപചട്ടത്തിൽ 'ഭൂമിയുടെ കമ്പോളവില'

എന്നുള്ളത് 'ഭൂമിവില' എന്നും മാറ്റുന്നതിന് ഇംഗ്ലീഷ് പരിഭാഷയിലെ വിശദീകരണക്കുറിപ്പിൽ rule 9(7) എന്നത് Subrule (7) of rule 9 എന്നും rule 8(2) എന്നത് subrule (2) of rule 8 എന്നും ഭേദഗതി വരുത്തുന്നതിനും തീരുമാനിച്ചു.

II എസ്.ആർ.ഒ. കൾ

സമിതി താഴെപ്പറയുന്ന എസ്.ആർ.ഒ.കൾ പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

6. ദി കേരള ലാന്റ് അസൈന്റ്മെന്റ് (അമെന്റ്മെന്റ്) റൂൾസ് , 2014, എസ്.ആർ.ഒ നം. 655 /2014

(ഫ.നം. 7075/സബ്സിബി1/14/നി.സെ)

7. ദി കേരള സർവ്വീസ് ഇനാം ലാന്റ്സ് (Vesting and enfranchisement) (അമെന്റ്മെന്റ്) റൂൾസ്, 2014.

( എസ്.ആർ.ഒ.നം 751/2014)

8. കേരള ഭൂപരിഷ്കരണ (കുടിയാന്മ) ഭേദഗതി ചട്ടങ്ങൾ, 2015.

(എസ്.ആർ.ഒ. നം. 197/2015)

III ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ

1. 2008-09-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്.

(ഫ.നം. 15917/സബ്സിബി1/08/നി.സെ)

റിപ്പോർട്ടിലെ 14-ാം നം.ഖണ്ഡികയിലെ ശിപാർശയിന്മേൽ ലഭിച്ച അധികവിവര റിപ്പോർട്ട് സമിതി അംഗീകരിച്ചു

2. 2005-06-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്.

(ഫ.നം. 8193/സബ്സിബി1/05/നി.സെ)

റിപ്പോർട്ടിലെ 17-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ ലഭിച്ച റിപ്പോർട്ട് സമിതി അംഗീകരിച്ചു.

സമിതി സെപ്റ്റംബർ മാസം നടത്താൻ നിശ്ചയിച്ചിട്ടുള്ള അഖിലേന്ത്യാ പഠന പര്യടന പരിപാടിക്കായി തയ്യാറാക്കിയ സന്ദർശന ഷെഡ്യൂൾ പരിഗണിക്കുകയും യാത്ര 3-9-2015-ന് പകരം 5-9-2015-ന് ആരംഭിക്കുന്ന വിധം പരിപാടിയിൽ ഭേദഗതി വരുത്തിക്കൊണ്ട് അംഗീകരിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 3.40-ന് പിരിഞ്ഞു.

## 27-1-2016-ലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ യോഗം 2016 ജനുവരി 27-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രിയുമായ ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ പങ്കെടുത്തു. കൂടാതെ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി.

1. ശ്രീ. പി. ബി. അബ്ദുൾ റസാക്, എം.എൽ.എ
2. ശ്രീ. ബാബു എം. പാലിശ്ശേരി, ,,
3. ശ്രീ. സി. കെ. നാണു, ,,
4. ശ്രീ. എൻ. ഷംസുദ്ദീൻ, ,,

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. എസ്. ഉളസീധരൻ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. വിശ്വാസ് മേത്ത, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, റവന്യൂ-ദേവസ്വം വകുപ്പ്
3. ശ്രീ. ഇ. ദേവദാസൻ, സെക്രട്ടറി, ലാന്റ് ബോർഡ്
4. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
5. ഡോ. ശേഖർ എൽ. കര്യാക്കോസ്, മെമ്പർ, സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015-ന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിന്റെ ഭാഗമായി പദ്ധതി നടത്തിപ്പിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തി. കൂടാതെ കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, പെന്റിംഗ്ഫയലുകൾ സംബന്ധിച്ച് കുറിപ്പുകൾ എന്നിവ സമിതി പരിഗണിക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു

1. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി സംബന്ധിച്ച ചർച്ച

ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയെക്കുറിച്ച് വിശദമായ റിപ്പോർട്ട് സമിതിക്ക് നൽകിയിട്ടുണ്ടെന്നും ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും ഫണ്ടുകളുടെ അലോട്ട്മെന്റും അതിൽ വിശദീകരിച്ചിട്ടുണ്ടെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. പദ്ധതിയുടെ ഒന്നാംഘട്ടം ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പൂർത്തിയാക്കിയതായും ആകെ കണക്കാക്കിയിട്ടുള്ള 243928 ഗുണഭോക്താക്കളിൽ 43437 പേർക്ക് പട്ടയം വിതരണം ചെയ്തതായും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ഇനി 201082 പേർക്ക് ഭൂമി വിതരണം ചെയ്യാനുണ്ട്. ഇത്രയും പേർക്ക് വിതരണം ചെയ്യാനാവശ്യമായ ഭൂമി ഇതുവരെയും കണ്ടെത്തിയിട്ടില്ല. ആയതിനാൽ സർക്കാർ വിലകൊടുത്ത് ഭൂമി വാങ്ങി വിതരണം ചെയ്യുന്നതിലേക്കായി ഫണ്ട് സ്വരൂപിക്കാൻ എറണാകുളം, തൃശ്ശൂർ ജില്ലകളിൽ 'ഭൂമിഗീതം' എന്ന പേരിൽ സംഗീത പരിപാടി സംഘടിപ്പിച്ചിരുന്നു എന്നും ഭൂമി വാങ്ങുന്നതിനായി ഡിസ്ട്രിക്ട് ലെവൽ പർച്ചേസ് കമ്മിറ്റി രൂപീകരിച്ച് നടപടികൾ സുതാര്യമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിരിക്കുകയാണെന്നും റവന്യൂ സെക്രട്ടറി തുടർന്ന് വ്യക്തമാക്കി. ഭൂമി ഗീതം പരിപാടിയിലൂടെ എറണാകുളം ജില്ലയിൽ നിന്നും 2,16,00,000 രൂപയും, തൃശ്ശൂർ ജില്ലയിൽ നിന്നും 1,27,00,000 രൂപയും സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും പ്രസ്തുത തുകകൾക്ക് സമാനമായ മാച്ചിംഗ് ഫണ്ട് നൽകി ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണെന്നും ആയത് ത്വരിതപ്പെടുത്തണമെന്നും സമിതി ചെയർമാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകി. പ്ലാനിംഗ് ബോർഡുമായി ചർച്ചചെയ്തശേഷം സ്കീമിൽ

മാറ്റങ്ങൾ കൊണ്ടുവന്ന് പുതിയ ഉത്തരവ് ഇറക്കിയിട്ടുണ്ടെന്നും അതു പ്രകാരം ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ ഒരു മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്നും വകുപ്പ് സെക്രട്ടറി മറുപടി നൽകി.

പദ്ധതിയുടെ രണ്ടാംഘട്ടമെന്ന നിലയിൽ കുറച്ചു ഭൂമി കൂടി കണ്ടെത്തിയിട്ടുള്ളതായും ഓരോരുത്തരുടെ കൈവശം ഇരിക്കുന്ന ഭൂമി അവർക്കുതന്നെ വിട്ടുകൊടുത്ത് അതിന്റെ അഞ്ചിരട്ടി ഭൂമി വാങ്ങുന്ന ഒരു സ്കീമുണ്ടെന്നും അത്തരത്തിൽ തൃശ്ശൂർ ജില്ലയിൽ രണ്ട് ഏക്കർ 19 സെന്റ് ഭൂമി വിട്ടുകൊടുക്കുമ്പോൾ ഏകദേശം 42 ഏക്കറോളം സ്ഥലം പദ്ധതിക്ക് വേണ്ടി വിനിയോഗിക്കാൻ ലഭിക്കുമെന്നും സമിതിഅറിയിച്ചു. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി സംബന്ധിച്ച് വിഷയനിർണ്ണയ സമിതിയിൽ ചർച്ച വന്നപ്പോൾ പദ്ധതിയിലൂടെ വിതരണം ചെയ്ത ഭൂമി ഒരു ചരിത്ര രേഖയായി സൂക്ഷിക്കേണ്ടതാണെന്നും വിതരണം ചെയ്ത ഭൂമിയുടെ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി ബോർഡ് സ്ഥാപിക്കേണ്ടതാണെന്നും സംസ്ഥാനം സന്ദർശിക്കാനെത്തുന്ന അന്യസംസ്ഥാന സാമാജികർക്ക് വകുപ്പിന്റെ പ്രധാനപ്പെട്ട പദ്ധതി എന്ന നിലയിൽ ഈ സ്ഥലങ്ങൾ കാണിച്ചുകൊടുക്കാവുന്നതാണെന്നുമുള്ള സമിതി നിർദ്ദേശം നടപ്പാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

സംസ്ഥാന സർക്കാരിന്റെ ചില വകുപ്പുകളുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി മറ്റേതെങ്കിലും സർക്കാർ വകുപ്പുകളുടെ ആവശ്യത്തിന് ഉപയോഗപ്രദമാക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു. വടകരയിൽ ജലസേചന വകുപ്പിന്റെ കൈവശമുള്ള 20 സെന്റോളം വരുന്ന ഭൂമി ജയിലിനുവേണ്ടി വിട്ടുകൊടുക്കുവാൻ തീരുമാനമായെങ്കിലും നാളിതുവരെ അതിനുള്ള നടപടി ആകാത്തതിനുള്ള കാരണം എന്താണെന്നുള്ള സമിതിയുടെ ചോദ്യത്തിന് ഭൂമികൈമാറ്റം റവന്യൂ വകുപ്പ് വഴി മാത്രമേ നടത്താൻ കഴിയുകയുള്ളൂ എന്നും പല വകുപ്പുകളും നേരിട്ട് വിഷയം കൈകാര്യം ചെയ്യുന്നത് പോക്കുവരവ് നടക്കുന്നതിന് തടസ്സം ഉണ്ടാകുമെന്നും ഇതാണ് പലപ്പോഴും കാലതാമസത്തിന് കാരണമാകുന്നതെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു. സമിതി ചൂണ്ടിക്കാണിച്ച വിഷയങ്ങൾ പരിശോധിക്കുന്നതാണെന്നും സെക്രട്ടറി തുടർന്ന് അറിയിച്ചു.

ഇരുപത് ലക്ഷത്തിന് താഴെ വിലവരുന്ന ഭൂമിക്ക് റവന്യൂ വകുപ്പിന് തന്നെ നടപടിയെടുക്കാൻ കഴിയുമെന്നും അതിനുമുകളിൽ വിലവരുന്ന ഭൂമിയാണെങ്കിൽ കാബിനറ്റിന്റെ അംഗീകാരം വാങ്ങേണ്ടതാണെന്നും ചെയർമാൻ വ്യക്തമാക്കി.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കുവേണ്ടി 2 ഏക്കർ ഭൂമി നൽകിയ സമിതി അംഗമായ ശ്രീ. പി.ബി. അബ്ദുൾ റസാകിനെ സമിതി പ്രത്യേകം അഭിനന്ദിച്ചു. പദ്ധതി സംബന്ധിച്ച് സമിതിയുടെ പഠന റിപ്പോർട്ട് സഭയുടെ 16-ാം സമ്മേളനത്തിൽ സമർപ്പിക്കുന്നതിനും സമിതി തീരുമാനിച്ചു.

II കരട് ചട്ടങ്ങളുടെ പരിശോധന

ദി കേരള ലാന്റ് റവന്യൂ സബോർഡിനേറ്റ് സർവ്വീസ് (കാറ്റഗറീസ് ഓഫ് ടൈപ്പിസ്റ്റ് & ഫെയർകോപ്പി സൂപ്രണ്ട്) അമെന്റ്മെന്റ് സ്പെഷ്യൽ റൂൾസ് 2015

(ഫ.നം. 4632/സബ്.സി.ബി1/15/നി.സെ)

നിലവിൽ എല്ലാ കാറ്റഗറികളും യൂണിറ്റ് ഓഫ് അപ്പോയിന്റ്മെന്റ് സ്റ്റേറ്റ് എന്നതിനെ യു.ഡി. ടൈപ്പിസ്റ്റ് വരെയുള്ള ആദ്യ നാല് കാറ്റഗറികൾക്ക് സ്റ്റേറ്റും ബാക്കിയുള്ള അഞ്ച് മുതൽ എട്ടുവരെയുള്ള കാറ്റഗറിക്ക് റവന്യൂ ഡിസ്ട്രിക്റ്റും ആക്കിക്കൊണ്ടും, അപ്പോയിന്റിംഗ് അതോറിറ്റി ഡെപ്യൂട്ടി കമ്മീഷണർ ഓഫ് ലാന്റ് റവന്യൂ എന്നതിനെ ആദ്യത്തെ നാല് കാറ്റഗറിക്ക് കമ്മീഷണർ ഓഫ് ലാന്റ് റവന്യൂവും അഞ്ച് മുതൽ എട്ട് വരെയുള്ള കാറ്റഗറികൾക്ക് ബന്ധപ്പെട്ട ജില്ലാകളക്ടറും ആക്കി ചട്ടം ഭേദഗതി വരുത്തുവാനാണ് കരട് ചട്ടംകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

കരട് ചട്ടം സമിതി അംഗീകരിച്ചു.

III എസ്.ആർ..ഒ. സാധൂകരണം

1) 2005 -ലെ കേരള ഭൂപരിഷ്കരണ (രണ്ടാം ഭേദഗതി) നിയമം (ആക്ട് 6 ഓഫ് 2012)- ലെ ഭേദഗതി.

എസ്.ആർ.ഒ നം.627/2015

(ഫ.നം.5720/സബ്.സി.ബി1/15/നി.സെ)

1963-ലെ കേരള ലാന്റ് റിഫോംസ് ആക്ടിന്റെ സെക്ഷൻ 129 ഉം സെക്ഷൻ 81-ന്റെ സബ്സെക്ഷൻ (4) ഉം പ്രകാരം തോട്ടങ്ങളുടെയും തോട്ടങ്ങളോടുചേർന്നും അതിനിടയിലുമുള്ളതുമായ സ്ഥലങ്ങളുടെയും ഉപയോഗം സംബന്ധിച്ച് വ്യവസ്ഥയും നിയന്ത്രണവും നിശ്ചയിക്കുന്നതിന് ചട്ടം നിർമ്മിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു. അതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചതാണ് ഈ ചട്ടം.

റൂൾ പ്രകാരം പ്ലാന്റേഷൻ ഭൂമിയുടെ 5% (പരമാവധി പത്ത് ഏക്കർ) എക്സംഷൻ നൽകുന്നു. അപ്രകാരമുള്ള ഭൂമി ഹോട്ടൽ റിസോർട്ട് അല്ലെങ്കിൽ മറ്റു വിനോദസഞ്ചാര പദ്ധതികൾക്കായി ഉപയോഗിക്കാവുന്നതാണ്.

പട്ടയം നൽകിയ ഭൂമി കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല എന്നതുകൊണ്ട് ക്വാറികൾ നടത്തുന്നതിന് തടസ്സം ഉണ്ടാകുന്നുണ്ട് എന്നും അതിന്റെ ഫലമായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന ചർച്ചകൾക്കുശേഷം ജി.ഒ.എം.എസ് നമ്പർ 593/2015 നമ്പരായി ഉത്തരവിറക്കുക യുമുണ്ടായി. എങ്കിലും ചട്ടത്തിന്റെ പിൻബലമില്ലാത്തതിനാൽ ക്വാറികളുടെ പ്രവർത്തനം കോടതിയിൽ ചോദ്യം ചെയ്യപ്പെടുകയാണെന്ന് സമിതി അംഗം ചൂണ്ടിക്കാട്ടി. താമസത്തിനും കാർഷിക ആവശ്യങ്ങൾക്കുമാണ് ഭൂമി അനുവദിച്ചിട്ടുള്ളതെന്നും ഭൂമിയിൽ ക്വാറി, ക്രഷർ എന്നിവ പാടില്ലെന്ന് കോടതിവിധിയുണ്ടെന്നും നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. ആക്ടിൽ ക്വാറികൾ നടത്തുന്നതിനുള്ള വ്യവസ്ഥ ഇല്ലെന്നും അതുകൊണ്ടാണ് ക്വാറികൾക്കെതിരെയുള്ള കേസുകൾക്ക് അനുകൂലമായ കോടതിവിധി ഉണ്ടാകുന്നതെന്നും റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ആക്ട് പ്രകാരം cultivation, farming, residence എന്നിവയ്ക്കു മാത്രമേ ഭൂമി ഉപയോഗിക്കാൻ പാടുള്ളൂ. ആക്ടിൽ ഭേദഗതിവരുത്താതെ പുറപ്പെടുവിക്കുന്ന റൂളുകളോ സർക്കാർ ഉത്തരവുകളോ നിയമപരമായി നിലനിൽക്കില്ലെന്നും അതിനാൽ ക്വാറി പ്രവർത്തിപ്പിക്കുന്നതിന് നിയമപരമായി അനുമതി നൽകണമെങ്കിൽ ആക്ടിൽ അതനുസരിച്ചുള്ള ഭേദഗതി വരുത്തണമെന്നും പ്രിൻസിപ്പൽ സെക്രട്ടറി വിശദമാക്കി.

മന്ത്രിസഭാ തീരുമാനപ്രകാരം ഇറക്കിയ G.O. (MS.)593/15-ാം നമ്പർ ഉത്തരവിന് ചട്ടത്തിന്റെ പിൻബലം കൊടുക്കുന്നതിനെപ്പറ്റി നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ഈ വിഷയം അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് ബന്ധപ്പെട്ട ഭൂമി പതിവ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി കൊണ്ടുവരുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

എസ്.ആർ.ഒ. 627/2015 സമിതി സാധൂകരിച്ചു

2) കേരള ലാന്റ് അസൈൻമെന്റ് റഗുലേഷൻ ഓക്കുപേഷൻ ഓഫ് ഫോറസ്റ്റ് ലാന്റ്സ് പ്രയർ റ്റു 1-1-1977 (ഭേദഗതി) സ്പെഷ്യൽ റൂൾസ്, 2015

എസ്.ആർ.ഒ. നം.548/15

ഫ.നം.6308/സബ്.സി.ബി1/15/ നി.സെ.

എസ്.ആർ.ഒ. സമിതി സാധൂകരിച്ചു.

IV ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ

താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള മറുപടി സമിതി അംഗീകരിച്ചു

(1) 1997-98 ലെ 2-ാമത് റിപ്പോർച്ച്- ഖണ്ഡിക -3

ഫനം.10546/സബ്.സി.ബി1/97/ നി.സെ.

(2) 2011-12-ലെ ഒന്നാമത് റിപ്പോർട്ട് ഖണ്ഡിക 45-ലെ ശിപാർശയിന്മേലുള്ള അധിക വിവരം.

(ഫ.നം.4874/ സബ്.സി.ബി1/11/നി.സെ)

(3)2014-15 ലെ 4-ാമത് റിപ്പോർട്ട്
ഖണ്ഡിക 5, 8
(ഫ.നം.3162/ സബ്.സി.ബി1/14/നി.സെ)

(4) 7-7-2014-ലെ സമിതി യോഗത്തിലെ ശിപാർശകൾക്ക് മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്

(ഫ.നം.4626/ സബ്.സി.ബി1/14/നി.സെ)

(5) 2011-12 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയോഗ നിർദ്ദേശം

(ഫ.നം.3775/ സബ്.സി.ബി1/11/നി.സെ)

(6) 2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫ.നം.15498/ സബ്.സി.ബി1/09/നി.സെ)

<u>ഖണ്ഡിക 16</u>

പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിൽ നിർദ്ദേശിച്ചിട്ടുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ഭൂസംരക്ഷണ യൂണിറ്റിൽ നിയമിതരായ ജീവനക്കാരുടെ ശമ്പളം, റ്റി.എ, ഡി.എ എന്നിവ റവന്യൂ വകുപ്പ് മുഖാന്തിരമാണ് നൽകേണ്ടതെന്ന് ദേവസ്വം സെക്രട്ടറി അറിയിച്ചു

<u>ഖണ്ഡിക 44, 45</u> സമിതി ശിപാർശ സംബന്ധിച്ച് ഉന്നതാധികാര സമിതി ചർച്ച ചെയ്യുതായും ശബരിമല മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട് രൂപീകരിച്ച ഡോ.കെ. ജയകുമാർ അദ്ധ്യക്ഷനായ സമിതിയുടെ അംഗീകാരത്തോടെ മാത്രമേ ശബരിമലയിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്താൻ സാധിക്കുകയുള്ളൂവെന്നും തമിഴ്നാട്, തെലുങ്കാന തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള തീർത്ഥാടകർക്കായി കൺവെൻഷൻ സെന്റർ തുടങ്ങുന്നതിന് സ്ഥലം അനുവദിക്കുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്യിട്ടുണ്ടെന്നും ഡിസൈനുകൾക്ക് സംസ്ഥാന സർക്കാർ അംഗീകാരം കൊടുക്കുന്നുണ്ടെങ്കിലും കൺവെൻഷൻ സെന്റർ പ്രത്യേകമായി സ്ഥാപിക്കുന്നത് ശരിയല്ല എന്നതുകൊണ്ട് ഉന്നതാധികാര സമിതി അംഗീകാരം നൽകിയിട്ടില്ലെന്നും മാസ്റ്റർ പ്ലാൻ പ്രകാരം അംഗീകരിച്ചിട്ടുള്ള പദ്ധതികൾ മാത്രമേ ഹൈക്കോടതി അനുവദിക്കുകയുള്ളൂവെന്നും വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

അന്യസംസ്ഥാനങ്ങൾക്ക് കെട്ടിടം പണിയാൻവേണ്ടി ശബരിമലയിൽ 5 ഏക്കർ വീതം ഭൂമി നൽകുന്നുണ്ടോ എന്നും ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനങ്ങളിൽ ക്ഷേത്രങ്ങളുടെയടുത്ത് കേരളത്തിന് ഭൂമിയുണ്ടോ എന്നും സമിതി ആരാഞ്ഞു ശബരിമലയിൽ കെട്ടിടം പണിയുന്നതിനായി ഭൂമിയില്ലാത്തതിനാൽ നിലയ്ക്കലാണ് ഭൂമി നൽകുന്നതെന്നും കൺവെൻഷൻ സെന്റർ പണിയാൻ തയ്യാറായി വന്നിട്ടുള്ള തെലുങ്കാന, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾക്ക നൽകുന്ന ഭൂമിയുടെയും പണിയുന്ന കെട്ടിടത്തിന്റെയും ഉടമസ്ഥാവകാശം ദേവസ്വം ബോർഡിനാണെന്നും 30 വർഷത്തേയ്ക്ക് ഉപയോഗിക്കാനുള്ള അധികാരം മാത്രമേ അവർക്കുള്ളൂവെന്നും കേരളത്തിന് കാശിയിലും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലും ഉള്ള സ്ഥലം സംരക്ഷിച്ചുവരുന്നുവെന്നും കാശിയിൽ കേരള ഹൗസ് സ്ഥാപിക്കുന്നതിനുള്ള ഒരു പ്രൊപ്പോസലുണ്ടെന്നും റവന്യൂ ദേവസ്വം വകുപ്പ് സെക്രട്ടറി മറുപടി നൽകി.

ശബരിമലയുടെ സ്വാഭാവികത നഷ്ടപ്പെടുത്തി കെട്ടിട നിർമ്മാണം നടത്തുന്നത് ശരിയല്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. ഓരോ സംസ്ഥാനത്തിനും 5 ഏക്കർ ഭൂമി വിട്ടുകൊടുക്കാൻ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിലാണ് നിലയ്ക്കലിലുള്ള ഭൂമി

മറ്റ് സംസ്ഥാനങ്ങൾക്ക വിട്ടനൽകുന്നത് എന്ന് സമിതി ചെയർമാൻ അറിയിച്ചു. സ്റ്റേറ്റ് എമർജൻസി ഓപ്പറേഷനുവേണ്ടി നിലയ്ക്കലിൽ ഒരേക്കർ ഭൂമിയും പമ്പയിൽ 10 സെന്റും സന്നിധാനത്ത് ഒരു സ്പെയ്സും നൽകാമെന്ന് ദേവസ്വം വകുപ്പ് മന്ത്രി പറഞ്ഞെങ്കിലും രണ്ട് വർഷമായിട്ട് ആയത് നടന്നിട്ടില്ലെന്ന് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി മെമ്പർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, നിലയ്ക്കലിൽ ഒരേക്കർ ഭൂമി സംസ്ഥാന സർക്കാരിന് നൽകുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പും ദേവസ്വം ബോർഡും തമ്മിൽ തർക്കം നിലനിൽക്കുകയാണ് എന്നും എസ്.എഫ്.സി. എസ്റ്റേറ്റായിരുന്ന പ്രസ്തുത ഭൂമിയ്ക്ക് വനം വകുപ്പിൽ നിന്നും എക്സംപ്ഷൻ കിട്ടാൻ പകരം ഭൂമി ഗവൺമെന്റ് ഫ്രീ ഓഫ് കോസ്റ്റ് ആയി നൽകിയതാണെന്നും പഴയകെട്ടിടങ്ങൾ പൊളിച്ചശേഷം സൗകര്യപ്രദമായ പുതിയ ബഹുനില കെട്ടിടം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അതിനായി ഉള്ള സ്ഥലം പരമാവധി വിനിയോഗിക്കേണ്ടിവരുമെന്നും ദേവസ്വം വകുപ്പുസെക്രട്ടറി അറിയിച്ചു. എൻ.ഡി.ആർ.എഫ്-ന്റെ അക്കോമഡേഷൻ പോലും വളരെ ദയനീയമാണെന്നും സ്ഥലം കിട്ടിയാൽ മാത്രമേ ദേശീയ ദുരന്ത നിവാരണ സേനയെ അവിടെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളുവെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി മെമ്പർ അറിയിച്ചു.

## V <u>സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ</u>

(1) 2005-ലെ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങൾ സംബന്ധിച്ച്

(ഫ.നം.7961/ സബ്.സി.ബി1/06/നി.സെ)

എസ്.ആർ.ഒ. 1047/03 പിൻവലിച്ച് പുതുക്കിയ കരട് ചട്ടം തയ്യാറാക്കുന്നതുമായ ബന്ധപ്പെട്ട് ഗവൺമെന്റിൽ നിന്നും ലഭിച്ച ഇടക്കാല മറുപടി സമിതി അംഗീകരിച്ചു.

മണലെടുക്കുന്നതിന്റെ ഫലമായി നദീതീരങ്ങൾ ഇടിഞ്ഞു പോകുന്ന സന്ദർഭത്തിൽ അതിന്റെ സംരക്ഷണം ദുരന്ത നിവാരണത്തിലാണോ ഉൾപ്പെടുന്നതെന്നും മണലെടുക്കുന്നതിന്റെ ഫലമായി വീടുകൾ വെള്ളത്തിലാകുക യാണെന്നും, ഇതൊക്കെ എങ്ങനെ കൈകാര്യം ചെയ്യാൻ സാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ എന്നുമുള്ള സമിതിയുടെ ചോദ്യങ്ങൾക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി മെമ്പർ വിശദമായ മറുപടി നൽകി

സ്വാഭാവികമായുണ്ടാകുന്ന കുഴലീകൃത മണ്ണൊലിപ്പ് അഥവാ സോയിൽ പൈപ്പിംഗ് എന്ന പ്രതിഭാസത്തെ ദുരന്ത നിവാരണത്തിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ചുള്ള ഒരു പ്രൊജക്ട് കേന്ദ്ര ഗവൺമെന്റുമായി ചേർന്ന് ചെയ്യുന്നുണ്ടെന്നും ഇപ്പോൾ കേരളത്തിലെ 9 ജില്ലകളിൽ ഇത് ബാധകമാക്കിയിട്ടുള്ളതായും അദ്ദേഹം പറഞ്ഞു. വീട് വയ്ക്കുമ്പോൾ ഭൂമിക്കടിയിലുള്ള മണ്ണ് ഒലിച്ചുപോയി വീട് മൊത്തത്തിൽ ഇരുന്നുപോകുന്ന ധാരാളം കേസുകളുണ്ട്. മനുഷ്യന്റെ പ്രവൃത്തികളുടെ ഫലമായാണ് ഇത് സംഭവിക്കുന്നത്. ബഹു. മന്ത്രിയുടെ നേതൃത്വത്തിൽ എൻ.ഡി.എം.എ.യിൽ സമർപ്പിച്ചിരുന്ന ഗവേഷണ പ്രൊപ്പോസൽ അംഗീകരിച്ചതിനെത്തുടർന്ന് ഭൂമിശാസ്ത്രപരമായി ഒരു റിസർച്ച് പ്രൊജക്ട് സമർപ്പിക്കുന്നതിനുള്ള അനുവാദം ലഭിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസലിന്റെ ഫൈനൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത് സംസ്ഥാനതലദുരന്ത നിവാരണത്തിൽ ഉൾപ്പെടുത്തണമോ വേണ്ടയോ എന്നുള്ളത് പരിശോധിക്കേണ്ടിയിരിക്കുന്നുവെന്നും ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെയും അതുമായി ബന്ധപ്പെട്ട റിലീഫ് അസിസ്റ്റൻസിന്റെയും ചട്ടങ്ങളനുസരിച്ച് പ്രകൃതിദത്തമായ ദുരന്തങ്ങൾക്ക് മാത്രമേ സഹായധനത്തിന് അനുമതിയുള്ളൂ. കോഴിക്കോട് ജില്ലയിലെ പുല്ലൂരാംപാറയിൽ ദേശീയ ദുരന്ത പ്രതികരണ ഫണ്ടിൽ നിന്നും സംസ്ഥാന ദുരന്ത പ്രതികരണ ഫണ്ടിൽ നിന്നുമുള്ള പണം ലഭ്യമാക്കിയിട്ടുണ്ടെന്നും 2015 മെയ് മാസത്തിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ജില്ലയിൽ മൂന്ന് ദുരന്തങ്ങളെ സംസ്ഥാന ദുരന്തങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ടെന്നും സമിതിയുടെ ചോദ്യത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി മെമ്പർ മറുപടി നൽകി.

വിശദമായ പഠനങ്ങൾക്കുശേഷം കടൽത്തീരത്തെ മണ്ണൊലിച്ച് പോകുന്നതിലുണ്ടാകുന്ന നാശനഷ്ടങ്ങൾ സംസ്ഥാനതല ദുരന്തങ്ങളായി ഉൾപ്പെടുത്തി ഉത്തരവിറക്കിയിട്ടുണ്ട്. അതുകൊണ്ട് വീട് തകരുന്നതിനും മനുഷ്യന്റെ ജീവഹാനി, ആഘാതം എന്നിവയ്ക്കും പണം ലഭ്യമാക്കുന്നുണ്ട്. എന്നാൽ നദീതീരത്തിന്റെ ശോഷണം മണലെടുപ്പുമായി ബന്ധപ്പെട്ടിരിക്കുന്നതിനാലും അത് മനുഷ്യജന്യമായ ദുരന്തമായതിനാലും അതിനെ സംസ്ഥാനതല ദുരന്തങ്ങളായി ഉൾപ്പെടുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതായും അദ്ദേഹം വ്യക്തമായി.

(2) 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച യോഗനടപടിക്കുറിപ്പുകളിലെ സമിതി നിർദ്ദേശങ്ങൾ

(ഫ.നം.3775/ സബ്.സി.ബി1/11/നി.സെ)

സമിതി നിർദ്ദേശങ്ങളിന്മേൽ ലഭിച്ച മറുപടി സമിതി അംഗീകരിക്കുകയും ഇതിന്മേലുള്ള തുടർനടപടി അവസാനിപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു

## VI പെൻഡിംഗ് ഫയലുകൾ

I താഴെപ്പറയുന്ന ഫയലുകളിലെ വിഷയങ്ങൾ സമിതി പരിഗണിക്കുകയും തുടർ നടപടി അവസാനിപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

(1) കുറ്റാലം സന്ദർശനം

(ഫ.നം.10926/ സബ്.സി.ബി1/06/നി.സെ)

(2) മൂന്നാർ സന്ദർശനം

(ഫ.നം.4519/ സബ്.സി.ബി1/11/നി.സെ)

(3) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ണൂർ/കാസർഗോഡ് ജില്ലാ സന്ദർശനം

(ഫ.നം.5347/ സബ്.സി.ബി1/14/നി.സെ)

(4) ഭൂപരിഷ്കരണത്തിന്റെ പ്രയോഗപുരോഗതി

(ഫ.നം.1367/ സബ്.സി.ബി1/10/നി.സെ)

II 1995-96 മുതൽ 2009-10 വരെയുള്ള വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ നാളിതുവരെ മറുപടി ലഭിക്കാത്ത ശിപാർശകളും പിന്നീടുവന്ന വർഷങ്ങളിലെ റിപ്പോർട്ടുകളിൽ നൽകിയ സമാന ശിപാർശകൾക്ക് ലഭിച്ച മറുപടികളും ഉൾപ്പെടുത്തി തയ്യാറാക്കിയ കുറിപ്പുകൾ സമിതി പരിഗണിക്കുകയും പ്രസ്തുത റിപ്പോർട്ടുകളിന്മേലുള്ള തുടർ നടപടി അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

(1) 1995-96-ലെ 5-മത് റിപ്പോർട്ട്

(ഫ.നം.11641/ സബ്.സി.ബി1/95/നി.സെ)

(2)1996-97-ലെ ഒന്നാമത് റിപ്പോർട്ട്

(ഫ.നം.12180/ സബ്.സി.ബി1/96/നി.സെ)

(3)2007-08-ലെ രണ്ടാമത് റിപ്പോർട്ട്

(ഫ.നം.13795/ സബ്.സി.ബി1/07/നി.സെ)

(4) 2008-09-ലെ മൂന്നാമത് റിപ്പോർട്ട്

(ഫ.നം.15917/ സബ്.സി.ബി1/08/നി.സെ)

(5) 2009-10-ലെ 4-ാമത് റിപ്പോർട്ട്

(ഫ.നം.15498/ സബ്.സി.ബി1/09/നി.സെ)

സമിതി ഉച്ചയ്ക്കുശേഷം 3.30-ന് യോഗം പിരിഞ്ഞു.

## 16-02-2016-ലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ യോഗം 2016 ഫെബ്രുവരി മാസം 16-ാം തീയതി ചൊവ്വാഴ്ച സഭ പിരിഞ്ഞതിനു ശേഷം, ഉച്ചയ്ക്ക് 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ IV-എ സമ്മേളനഹാളിൽ സമിതി ചെയർമാൻ, ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. പി. ബി. അബ്ദുൾ റസ്സാക്, എം.എൽ.എ.
2. ശ്രീ. ബാബു എം. പാലിശ്ശേരി, ,,
3. ശ്രീ. സി. കെ. നാണു, ,,
4. ശ്രീ. എ. പ്രദീപ് കുമാർ, ,,
5. ശ്രീ. സി. കെ. സദാശിവൻ, ,,
6. ശ്രീ. എൻ. ഷംസുദ്ദീൻ, ,,
7. ശ്രീ. വി. എസ്. സുനിൽ കുമാർ, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എസ്. ഉളസീധരൻ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. വിശ്വാസ് മേത്ത, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ ലാ സെക്രട്ടറി
3. ശ്രീമതി റെയ്ച്ചൽ വർഗ്ഗീസ്, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

സമിതി, 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ, "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015" സംബന്ധിച്ച കരട് റിപ്പോർട്ട് എന്നിവ പരിഗണിച്ചു

2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. ശ്രീ. ബാബു എം. പാലിശ്ശേരി, ശ്രീ. സി. കെ. നാണു, ശ്രീ. എ. പ്രദീപ് കുമാർ, ശ്രീ. സി. കെ. സദാശിവൻ, ശ്രീ. വി. എസ്. സുനിൽ കുമാർ എന്നീ അംഗങ്ങൾ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി.

നിയമസഭ പാസാക്കിയ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമത്തിൽ പാഡി ലാന്റിന് 'Paddy land means all types of land situated in the state where paddy is cultivated atleast once in a year or suitable for paddy cultivation but uncultivated and left fallow, and includes its allied construction like bunds, drainage channels, ponds and canals എന്നാണ് നിർവ്വചനം നൽകിയിട്ടുള്ളതെന്നും, എന്നാൽ 2008 ന് മുൻപ് നിലങ്ങൾ നികത്തിയതിന് സാധൂകരണം നൽകുന്നതിനായി 2015-ൽ പുറത്തിറങ്ങിയ വിജ്ഞാപനത്തിൽ ഇതിന് വിരുദ്ധമായാണ് നെൽവയലിനെ (Paddy land) നിർവ്വചിച്ചിട്ടുള്ളതെന്നും ആയത് കോടതികളിൽ നിന്നും ഗവൺമെന്റിന് പ്രതികൂലവിധി ലഭിക്കുന്നതിന് കാരണമാകുന്നുവെന്നും സമിതി നിരീക്ഷിച്ചു ആക്ടിൽ ഭേദഗതി കൊണ്ടുവരാതെ റൂൾസിൽ മാറ്റം വരുത്താൻ സാധ്യമാണോ എന്ന സമിതിയുടെ ചോദ്യത്തിന്, സാധ്യമല്ലെന്നും ഇതിനൊരു ഭേദഗതി കൊണ്ടുവരികയാണ് ഫിനാൻസ് ആക്ടിൽ ചെയ്തിട്ടുള്ളതെന്നും അതിൽ നെൽവയലിനെക്കുറിച്ച് പറഞ്ഞിട്ടില്ലെന്നും അഡീഷണൽ ലാ സെക്രട്ടറി സമിതിയിൽ മറുപടി നൽകി.

ഫിനാൻസ് വകുപ്പിന് നിയമമോ റൂളോ കൊണ്ടുവരാനുള്ള അധികാരമില്ലെന്നും ഫിനാൻസ് സംബന്ധമായ കാര്യങ്ങൾ മാത്രമേ ചെയ്യാൻ കഴിയൂ എന്നും, ചട്ടങ്ങൾ തയ്യാറാക്കിയപ്പോൾ ഈ വൈരുദ്ധ്യം എങ്ങനെ വന്നുവെന്നും സമിതി ആരാഞ്ഞു

ഹൈക്കോടതിയിൽ ഇരുപതോളം കേസുകളിൽ പ്രസ്തുത ചട്ടത്തെ അടിസ്ഥാനമാക്കി ഗവൺമെന്റ് തീരുമാനമെടുക്കണം എന്ന വിധി വന്നിരുന്നു എന്ന് ചെയർമാൻ സമിതിയെ അറിയിച്ചു

ചട്ടം അസ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കേസ് നിലവിലുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് ഹൈക്കോടതി ഉത്തരവിനെതിരായ ഡിവിഷൻ ബെഞ്ചിലെ അപ്പീലിന്മേൽ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് നൽകിയിട്ടുണ്ടെന്നും സബ്ജക്ട് കമ്മിറ്റിയിൽ ഇക്കാര്യം ചർച്ച ചെയ്തശേഷം തീരുമാനമെടുക്കാമെന്നും റവന്യു വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി. നിയമത്തിൽ പറഞ്ഞിട്ടുള്ള നിർവ്വചനത്തിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള ചട്ടങ്ങൾ സമിതിക്ക് അംഗീകരിക്കാൻ കഴിയില്ലെന്നും ചട്ടം സബ്ജക്ട് കമ്മിറ്റിയുടെ സാധൂകരണത്തിനായി ഇനിയും ലഭ്യമാക്കിയിട്ടില്ലെന്നും സമിതി അംഗങ്ങൾ ചൂണ്ടിക്കാട്ടി. ചട്ടം സമിതിക്ക് ലഭ്യമാക്കി, ചട്ടങ്ങളുടെ സാധൂകരണത്തിനു വേണ്ടി യോഗം ചേരുമ്പോൾ പ്രസ്തുത വിഷയം കൂടെ പരിഗണിക്കാമെന്ന് ചെയർമാൻ അറിയിച്ചു

തുടർന്ന് "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015" സംബന്ധിച്ച വിഷയനിർണ്ണയ സമിതിയുടെ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണനയ്ക്ക് എടുക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

ഉച്ചയ്ക്ക് ശേഷം 2.45-ന് സമിതി യോഗം പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്